VOL NO: 08 I ISSUE 18
2024 MAY 04 I ₹10

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com



സാക്ഷരതയുടെയും സംസ്കാരത്തിന്റെയും താരതമ്യക്കണക്കുകളിൽ ഊറ്റംകൊള്ളുന്ന മലയാളീ പ്രബുദ്ധതയുടെ മസ്തകത്തിന് കിട്ടുന്ന താഡനങ്ങളാണ് തട്ടിപ്പിന്റെയും വെട്ടിപ്പിന്റെയും അക്രമ പരമ്പരകളുടെയും പുതിയ കണക്കുകൾ. കാൽക്കാശിന്റെ ലാഭത്തിന് വേണ്ടി സ്വന്തം നിലമറക്കുന്ന തരത്തിലേക്ക് മലയാളി മാറിയതിന് ആരാണ് ഉത്തരവാദി?

# പ്രബുദ്ധ കേരളത്തിന്റെ അടിയൊഴുക്കുകൾ

## അധികാരപീഠങ്ങൾ

|| മദീന സിയാറത്ത്

|| രോഗിയെ സന്ദർശിക്കുമ്പോൾ

|| ക്വുർആൻ പഠിപ്പിക്കുന്ന സ്വഭാവ ഗുണങ്ങൾ

# വ്യവസ്ഥാപിത മതപഠനത്തിന്റെ പത്ത് വർഷങ്ങൾ...!!



SCHOOL OF Qur'an | جامعة الهند الإسلامية JAMIA AL-HIND AL-ISLAMIYYA

## രജിസ്ട്രേഷൻ ആരംഭിച്ചു

### സവിശേഷതകൾ

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- അൽ ക്വാഇദത്തുന്നൂറാനിയ്യയുടെ സമ്പൂർണ കോഴ്സ്
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- 12 ഭാഷകളിലായി സൗജന്യ ക്വുർആൻ മൊബൈൽ ആപ്ലിക്കേഷൻ – നൂർ ആപ്പ്
- രക്ഷിതാക്കൾക്കായി വ്യവസ്ഥാപിത രൂപത്തിലുള്ള ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഫോളോപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- കേന്ദ്രീകൃത ഖുർആൻ മൂല്യനിർണയം
- 18 വർഷം നീണ്ടുനിൽക്കുന്ന തുടർപഠന സൗകര്യം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- ഓഡിയോ വിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര, കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ
- കേരളത്തിലും തമിഴ്നാട്ടിലുമായി 40ൽ അധികം സെന്ററുകൾ

**കൂടുതൽ വിവരങ്ങൾക്ക്: +91 8606788882, 9072646000**
**സന്ദർശിക്കുക: www.schoolofquran.in**

- ☆ നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം
- ☆ ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം
- ☆ 2,3 ഗ്രേഡിലേക്ക് എൻട്രൻസ് പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ
- ☆ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ
- ☆ അപേക്ഷകർ മുകളിലുള്ള QR CODE സ്കാൻ ചെയ്ത് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് അപേക്ഷാഫോം പൂരിപ്പിക്കുക.

KASARAGODE: 8089192273 | KANHANGAD: 9605210101 | THALIPARMBA: 8606776770 | KINAVAKKAL: 99953 34766 | VADAKARA: 9995494598 | KAPPAD: 9846808230 | PARAPPANAGADI: 9544924596 | TIRUR: 9633099992 | THOTTASSERIYARA: 8606600555 | CHATTIPARAMBA: 9496526220 | KOTTAKKAL: 9995798755 | EDATHANATTUKARA: 9495467259 | MANJERI: 9846872999 | AREEKODE: 9447926082 | VENGIDANGU: 9048869220 | MARANCHERY: 9946739215 KOLLAM: 80895 46729 | KAYAMKULAM: 89434 64478 | ATTINGAL: 9497714521 | KODUVAYUR: 9745287883 | KOLLAYIL: 9747258263 | OTHAYI : 9497 650100 PALAPPETTY : 9207942750 | KANNANALLOOR : 9961493999 | COIMBATORE: 9080475224 | ERODE: 9942958888 | SALEM : 9865167864 | METTUPALAYAM: 8300886551 | POLLACHI : 9940838413 | UDAMALPET : 9865051917

**Head Office:** Jamia Al-Hind Al-Islamiyya | Wadi Al Hikma | Jamia Campus | Mini Ootty | Oorakam Malappuram | Kerala | India | PIN 676519 | Mob: +91 8606788882 | WhatsApp: 9072646000
mail@schoolofquran.in www.schoolofquran.in

# 0380 നേർപഥം

വാരിക

2024 മെയ് 04
1445 ശവ്വാൽ 25
പുസ്തകം 08 / ലക്കം 18





Managing Editor:
**Nasir Balusseri**

Editor:
**Usman Palakkazhi**

Chief Editor:
**Anil Primrose**

Cover:
**Anil**

Design & Layout:
**Musthafa Mannarottil**

Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**

Printed at :
**Sprint Offset Printers, Kozhikode**

Published at :
**Kozhikode - 673 002**





## ഉസ്മാൻ പാലക്കാഴി

സാക്ഷരതയുടെയും സംസ്കാരത്തിന്റെയും താരതമ്യക്കണക്കുകളിൽ ഊറ്റംകൊള്ളുന്ന മലയാളി പ്രബുദ്ധതയുടെ മസ്തകത്തിന് കിട്ടുന്ന താഡനങ്ങളാണ് തട്ടിപ്പിന്റെയും വെട്ടിപ്പിന്റെയും അക്രമ പരമ്പരകളുടെയും പുതിയ കണക്കുകൾ. കാൽക്കാശിന്റെ ലാഭത്തിന് വേണ്ടി സ്വന്തം നിലമറക്കുന്ന തരത്തിലേക്ക് മലയാളി മാറിയതിന് ആരാണ് ഉത്തരവാദി?


**05** മുഖമൊഴി
‘അധികാരപീഠങ്ങൾ’

**06** ലേഖനം
ക്വുർആൻ പഠിപ്പിക്കുന്ന സ്വഭാവ ഗുണങ്ങൾ
ഡോ. ടി. കെ. യൂസുഫ്

**17** ഹദീസ് പാഠം
രോഗിയെ സന്ദർശിക്കുമ്പോൾ
അബൂഫായിദ

**18** ചരിത്രപഥം
ഐക്യസംഘത്തിലേക്ക്
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**23** ബാലപഥം
ബാസിമിന്റെ സന്മനസ്സ്
റാഷിദ ബിൻത് ഉസ്മാൻ

**24** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ:സ്വാഫ്ഫാത്ത്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** കർമപഥം
മദീന സിയാറത്ത്
വിവ. അബ്ദുൽ ജബ്ബാർ മദീനി

**30** ചെറുകഥ
തിരിച്ചറിവ്
ജൗഹറ ഇസ്മാഈൽ
തിരുവനന്തപുരം

**34** കവിത
മേൽവിലാസം നഷ്ടപ്പെട്ടവർ
സയ്യിദ് സിനാൻ പരുത്തിക്കോട്



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# ഹജ്ജ് ക്യാമ്പിന് പെരിന്തൽമണ്ണയിൽ ഉജ്ജ്വല സമാപനം

പെരിന്തൽമണ്ണ: വിശുദ്ധ ഹജ്ജ്കർമം നിർവഹിക്കാൻ സാധിക്കുന്നത് ജീവിതത്തെ സ്ഫുടം ചെയ്യാനുള്ള സുവർണാവസരമാണെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റും പ്രമുഖ പണ്ഡിതനുമായ സി. കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ അഭിപ്രായപ്പെട്ടു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ പെരിന്തൽമണ്ണയിൽ സംഘടിപ്പിച്ച രണ്ടാമത്തെ ഹജ്ജ് ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പലവിധ കാരണങ്ങളാൽ അനേകായിരങ്ങൾ ഹജ്ജിന് അവസരം ലഭിക്കാതെ വിഷമിക്കുന്ന സാഹചര്യത്തിൽ, എല്ലാ സൗകര്യങ്ങളും വന്നുഭവിച്ച വിശ്വാസികൾ അവസരം ഉപയോഗപ്പെടുത്തണമെന്നും മനസ്സും ശരീരവും അതിനായി ക്രമപ്പെടുത്തണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ഹജ്ജിനു സെലക്ഷൻ ലഭിച്ചവരുടെ നിറഞ്ഞ സാന്നിധ്യംകൊണ്ട് ക്യാമ്പ് ശ്രദ്ധേയമായി. മലപ്പുറം, പാലക്കാട്, തൃശൂർ ജില്ലകളിലെ ഹാജിമാർക്കായാണ് ക്യാമ്പ് സംഘടിപ്പിച്ചത്. വിസ്ഡം സംസ്ഥാന സെക്രട്ടറിയും അരീക്കോട് സുല്ലമുസ്സലാം അറബിക് കോളജ് പ്രിൻസിപ്പലുമായ പ്രൊഫസർ ഹാരിസ് ബിൻ സലീം വിഷയാവതരണം നടത്തി. മുഹമ്മദ് സാദിഖ് മദീനി സംശയങ്ങൾക്ക് മറുപടി നൽകി. ആരോഗ്യ ക്ലാസ്സിന് എം.ഇ.എസ് മെഡിക്കൽ കോളേജ് മെഡിസിൻ വിഭാഗം തലവൻ ഡോ. വി. അബ്ദുൽജലീൽ നേതൃത്വം നൽകി.

വിസ്ഡം ജില്ലാ സെക്രട്ടറി റഷീദ് മാസ്റ്റർ കാരപ്പുറം, അബ്ദുൽ വഹാബ് സ്വലാഹി എന്നിവർ പ്രസംഗിച്ചു. ജില്ലാഭാരവാഹികളായ പി.വി അബ്ദുൽജലീൽ, അബ്ദുൽഖാദർ പറവണ്ണ, അബ്ദുറഹ്മാൻ അൻസാരി, അബ്ദുറഹ്മാൻ, സാജിദ് ബാബു കാളികാവ് തുടങ്ങിയവർ പങ്കെടുത്തു. ഒന്നാമത്തെ ക്യാമ്പ് കരുനാഗപ്പള്ളിയിലാണ് നടന്നത്. മൂന്നാമത്തെ പഠനക്യാമ്പ് മെയ് 04ന് കണ്ണൂരിലും നാലാമത്തെത് മെയ് 12ന് കോഴിക്കോട്ടും നടക്കും. ■

വായനക്കാർ എഴുതുന്നു

# അവർ ഇമാമുമാരെ ലക്ഷ്യംവച്ചു തുടങ്ങിയിരിക്കുന്നു!

രാജസ്ഥാനിലെ അജ്മീറിലുള്ള ദൗറ പ്രദേശത്തെ മദീന മസ്ജിദിൽ മുഖംമൂടി ധരിച്ചെത്തിയ അക്രമികൾ യു.പിയിലെ രാംപൂർ സ്വദേശിയായ മുപ്പതുകാരൻ മൗലാനാ മാഹിറിനെ കൊലപ്പെടുത്തിയ സംഭവം സമാധാന കാംക്ഷികളെ ഞെട്ടിക്കുന്നതാണ്. രാജ്യത്ത് തെരഞ്ഞെടുപ്പ് പ്രക്രിയ നടന്നുകൊണ്ടിരിക്കെ നടന്ന ഈ അരുംകൊല വലിയ അപകട സൂചനയാണ് നൽകുന്നത്. കാസർക്കോട്ടെ റിയാസ് മൗലവിയെ ഇതേ രൂപത്തിൽതന്നെയാണ് കൊലചെയ്തത് എന്ന കാര്യം ഓർക്കുക. 2023 ആഗസ്റ്റ് മാസത്തിൽ ഡൽഹിക്കടുത്തുള്ള ഗുരുഗ്രാമിലെ സെക്ടർ 57ൽ സ്ഥിതിചെയ്യുന്ന അൻജുമാൻ ജുമുഅ മസ്ജിദിലെ അസിസ്റ്റന്റ് ഇമാമായ പത്തൊമ്പതുകാരൻ മൗലാനാ സാദിനെ ഒരു സംഘം അക്രമികൾ വെടിവെച്ച് കൊന്നിരുന്നു.

ഇന്ത്യയിലേക്ക് കുടിയേറിപ്പാർത്ത മുസ്‌ലിംകൾ ഇവിടെയുള്ള ഭൂരിപക്ഷ മതവിഭാഗത്തിന്റെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തുകയും ജീവിതം ദുസ്സഹമാക്കുകയും ചെയ്തിരിക്കുകയാണെന്ന വ്യാജപ്രചാരണം, പൗരത്വനിയമം നടപ്പിലാക്കാൻ പശ്ചാത്തലമൊരുക്കുന്നതിന്റെ ഭാഗമായി വ്യാപകമാംവിധം നടക്കുന്നുണ്ട്. പശുമാംസം വീട്ടിൽ സൂക്ഷിച്ചു എന്ന പേരിലാണ് വർഷങ്ങൾക്കു മുമ്പ് ഒരു ഇന്ത്യൻ സൈനികന്റെ പിതാവുകൂടിയായ മുഹമ്മദ് അഖ്‌ലാകിനെ സംഘ്പരിവാർ തീവ്രവാദികൾ സംഘടിച്ച് തല്ലിയും കല്ലുകൊണ്ട് ഇടിച്ചും ദാരുണമായി കൊലചെയ്തത്. ഇപ്പോൾ അത് പള്ളികളിൽ ഉറങ്ങിക്കിടക്കുന്ന ഇമാമുമാരെ തല്ലിക്കൊല്ലുന്നതിലേക്ക് എത്തിയിരിക്കുന്നു. ഒരു മനുഷ്യനിൽനിന്ന് മനുഷ്യത്വം പൂർണമായും നീക്കം ചെയ്യപ്പെട്ടാൽ അവനെ സംഘ്പരിവാറുകാരൻ എന്നു വിശേഷിപ്പിക്കാം.

**-മുഹമ്മദ് ഫൈസൽ, കളമശ്ശേരി**

# 'അധികാരപീഠങ്ങൾ'

ഏതൊരു ചടങ്ങിനും ഒരു മന്ത്രിയുടെ സാന്നിധ്യം വേണമെന്നത് നമ്മുടെ നാടിന്റെ ദുരവസ്ഥയാണ്. മന്ത്രി വന്നാലേ പബ്ലിസിറ്റി കിട്ടുകയുള്ളൂ എന്നതുതന്നെ കാരണം. ഒരു പരിപാടി റിപ്പോർട്ട് ചെയ്യാൻ മാധ്യമപ്രതിനിധികൾ വരണമെങ്കിൽതന്നെ മന്ത്രിയുടെ സാന്നിധ്യം വേണം. മന്ത്രിയുണ്ടെന്നതിനാൽ റിപ്പോർട്ട് ചെയ്യാൻ വരുന്ന മാധ്യമപ്രതിനിധികൾ മന്ത്രി വരുന്നില്ലെന്നറിഞ്ഞാൽ അപ്പോൾത്തന്നെ സ്ഥലംവിടും. അതുകൊണ്ട് സമ്മേളനവിവരം രണ്ടു വരിയെങ്കിലും അച്ചടിച്ചു വരണമെങ്കിൽ മന്ത്രിയുടെ സാന്നിധ്യം അവശ്യഘടകമായി മാറിയിരിക്കുന്നു. സാഹിത്യസമ്മേളനം ഉദ്ഘാടനം ചെയ്യാൻ സാഹിത്യമെന്തന്നറിയാത്ത മന്ത്രിയെ ക്ഷണിക്കും. പണ്ഡിത സമ്മേളനത്തിന് നാലാം ക്ലാസു വരെ പഠിച്ച മന്ത്രിയായാലും കുഴപ്പമില്ല. ചില മന്ത്രിമാരാകട്ടെ എല്ലാ പരിപാടികളും ഏൽക്കും. വന്നെത്തുന്നതോ പലപ്പോഴും മണിക്കൂറുകൾ താമസിച്ചായിരിക്കും. ചിലപ്പോൾ വന്നില്ലെന്നും വരും. ജനം മണിക്കൂറുകളോളം മന്ത്രിയെ കാത്തിരിക്കും.

ഇത്തരം ദുരവസ്ഥകൾക്കെതിരിൽ ശക്തമായി തൂലിക ചലിപ്പിച്ച കവിയായിരുന്നു ചെമ്മനം ചാക്കോ. വിമർശനഹാസ്യം കുറിക്കുകൊള്ളുന്ന രീതിയിൽ പ്രയോഗിച്ച, സമൂഹത്തെ ദോഷകരമായി ബാധിക്കുന്ന പൊതുവിഷയങ്ങളിലും ദുർഭരണത്തിനെതിരിലും ഭയലേശമന്യെ രചന നിർവഹിച്ച കവി.

കവിയും ഈ രാജ്യത്തെ ഒരു പ്രജയാണ്. പ്രജ എന്ന നിലയിൽ ഏതെങ്കിലും ഒരു മന്ത്രിയെ ഉദ്ഘാടനത്തിന് ക്ഷണിക്കാൻ കവി സെക്രട്ടറിയേറ്റിലെത്തുന്നു. അപ്പോഴുണ്ടാകുന്ന ദുരനുഭവമാണ് അദ്ദേഹത്തിന്റെ 'അധികാരപീഠങ്ങൾ' എന്ന കവിതയിലെ ഭാവന.

ആദ്യം ഉദ്ഘാടനത്തിന് മുഖ്യമന്ത്രിയെത്തന്നെ കിട്ടുമോ എന്ന് നോക്കി. ചേംബറിൽ മുഖ്യമന്ത്രി എത്തിയിട്ടില്ല. ക്ലോക്ക് രാവിലെ പതിനൊന്നിന്റെ സംഗീതം പാടി രസിക്കുന്നു. മുഖ്യമന്ത്രി വടക്കെങ്ങോ ഒരു മാമോദീസച്ചടങ്ങിൽ പങ്കെടുക്കാൻ പോയിരിക്കുകയാണെന്ന് അന്വേഷിച്ചപ്പോൾ അറിഞ്ഞു. മുഖ്യമന്ത്രി ഇല്ലെങ്കിൽ റവന്യൂമന്ത്രിയെക്കൊണ്ട് ഉദ്ഘാടനം ചെയ്യിക്കാമെന്ന് വിചാരിച്ചപ്പോൾ അദ്ദേഹവും സ്ഥലത്തില്ല. പാർട്ടിയുടെ പ്ലീനത്തിനു പോയിരിക്കുകയാണ്. കാളച്ചന്തയുടെ ഉദ്ഘാടനത്തിനു പോയിരിക്കുന്നതിനാൽ ആരോഗ്യമന്ത്രിയെയും കാണാൻ പറ്റിയില്ല. ധനമന്ത്രിയും വനംമന്ത്രിയും രണ്ടറ്റത്തുനിന്നും പിടിച്ച് ഒരു വടംവലി ഉദ്ഘാടനം ചെയ്യാൻ പോയിരിക്കുകയാണ്. കളിയുടെ മന്ത്രി പ്രിവ്യൂ കാണാൻ പോയിരിക്കുന്നു എന്ന കാര്യം രഹസ്യമാണ്. സ്വയം തൊഴിൽ നൽകുന്ന യുവമേള ഉദ്ഘാടനം ചെയ്യാൻ ഭക്ഷ്യമന്ത്രി പോയിരിക്കുന്നു. കൃഷി മന്ത്രിയെപ്പറ്റിപ്പറയേണ്ട; കാരണം അദ്ദേഹം കസേരയിൽ ഇരുന്നല്ലല്ലോ കൃഷി ചെയ്യേണ്ടത്. മരാമത്തുമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും സ്ഥലത്തില്ല. തൊഴിൽ മന്ത്രി സ്വന്തം നാട്ടിൽ പോയിരിക്കുകയാണ്. അങ്ങനെ കവിക്ക് ഒരു മന്ത്രിയെയും കാണാൻ കഴിഞ്ഞില്ല. കവി എന്ത് ഉദ്ഘാടനം ചെയ്യാനാണ് മന്ത്രിയെ ക്ഷണിക്കാൻ വന്നതെന്ന് വ്യക്തമാക്കുന്ന വരികളിലൂടെയാണ്, ഭരണം നടത്തേണ്ടവർ അതിനു സമയം കണ്ടെത്താതെ സകലവിധ ഉദ്ഘാടനങ്ങൾക്കുമായി ഊരുചുറ്റുന്നതിലെ ബാലിശത വ്യക്തമാക്കുന്നത്. അത് ഇപ്രകാരം വായിക്കാം:

'ഏഴെട്ടു തച്ചു നൽകി, താൻ
കോഴിക്കൂടൊന്നു തീർത്തതും
ആരെക്കൊണ്ടിനി ഞാനൊന്ന-
തുദ്ഘാടിക്കും ജനങ്ങളേ?'

പുസ്തകം കാണുന്നതേ അലർജിയായി കരുതുന്ന ഒരു മരാമത്ത് വകുപ്പു മന്ത്രി സാഹിത്യസമ്മേളനം ഉദ്ഘാടനം ചെയ്ത് നല്ലൊരു രാഷ്ട്രീയ പ്രസംഗം നടത്തി. അവസാനം സാഹിത്യകാരന്മാർക്ക് ഒരു ഉപദേശം; ഗ്രന്ഥം രചിക്കുമ്പോൾ രാജ്യതാൽപര്യം മറന്നുപോകരുത്. മന്ത്രിയുടെ ഉപദേശത്തിന് കവി ഇങ്ങനെ മറുപടി നൽകുന്നു:

"പൂജ്യനാം സചിവന്റെ
ചൊല്ലു ഞാൻ മാനിക്കുന്നു;
രാജ്യകാര്യങ്ങൾ നോക്കും
മാതൃകാ മാന്യർകൂടി
രാജ്യതാത്പര്യം തെല്ലും
മറക്കാതിരുന്നെങ്കിൽ!
സന്തതം പ്രലോഭന-
ലോലരായൂർ ചുറ്റാതെ
സ്വന്ത കർത്തവ്യം ചെയ്യാൻ
ശ്രദ്ധവച്ചിരുന്നെങ്കിൽ..."

ഡോ. ടി. കെ. യൂസുഫ്
: 9349798262



ക്വുർആനിൽ വിവരിക്കുന്ന ഉത്തമ സ്വഭാവഗുണങ്ങളെല്ലാംതന്നെ പ്രവാചകൻ(സ്വ) തന്റെ ജീവിതത്തിൽ പകർത്തിയിരുന്നു. ഉൽകൃഷ്ട സ്വഭാവഗുണത്തിന്റെ ഉടമകളായ മനുഷ്യർക്ക് മാത്രമെ സാമൂഹ്യ ജീവിതത്തിൽ വിജയയും വിപ്ലവവും ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ. വശ്യമായ സ്വഭാവ മഹിമ കൊണ്ട് പ്രവാചകൻ ജനമനസ്സുകളെ കീഴടക്കിയ കാര്യം ക്വുർആൻ പ്രത്യേകം പരാമർശിക്കുന്നുണ്ട്.

# ക്വുർആൻ പഠിപ്പിക്കുന്ന സ്വഭാവ ഗുണങ്ങൾ

മാനവസമൂഹത്തിന് മാർഗദർശനവുമായി നിയോഗിതനായ മുഹമ്മദ് നബി(സ്വ) മഹനീയ സ്വഭാവത്തിന്റെ മാതൃകയായിരുന്നുവെന്ന് വിശുദ്ധ ക്വുർആൻ പ്രസ്താവിക്കുന്നു: “തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു” (68:4). ക്വുർആൻ വിശേഷിപ്പിച്ച ഈ മഹത്തായ സ്വഭാവ ഗുണങ്ങളെന്തൊക്കയാണെന്ന് അനുചരന്മാർ നബി(സ്വ)യുടെ പ്രിയപത്നി ആഇശ(റ)യോട് ആരായുകയുണ്ടായി അവർ പറഞ്ഞു: “അദ്ദേഹത്തിന്റെ സ്വഭാവം ക്വുർആനായിരുന്നു” (അഹ്മദ്).

ക്വുർആനിൽ വിവരിക്കുന്ന ഉത്തമ സ്വഭാവഗുണങ്ങളെല്ലാംതന്നെ പ്രവാചകൻ(സ്വ) തന്റെ ജീവിതത്തിൽ പകർത്തിയിരുന്നു. ഉൽകൃഷ്ട സ്വഭാവഗുണത്തിന്റെ ഉടമകളായ

മനുഷ്യർക്ക് മാത്രമെ സാമൂഹ്യ ജീവിതത്തിൽ വിജയയും വിപ്ലവവും ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ. വശ്യമായ സ്വഭാവ മഹിമ കൊണ്ട് പ്രവാചകൻ ജനമനസ്സുകളെ കീഴടക്കിയ കാര്യം ക്വുർആൻ പ്രത്യേകം പരാമർശിക്കുന്നുണ്ട്:

“(നബിയേ,) അല്ലാഹുവിങ്കൽനിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽനിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും അവർക്കു വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക” (3:159).

വാക്കിലും പ്രവൃത്തിയിലും പെരുമാറ്റത്തിലും പ്രശംസനീയമായ സൽഗുണങ്ങൾ ആർജിക്കാനും നിന്ദ്യവും നീചവും നികൃഷ്ടവുമായ ദുർഗുണങ്ങൾ വെടിയാനുമാഗ്രഹിക്കുന്നവർക്ക് വിശുദ്ധ ക്വുർആനിന്റെ മാർഗദർശനം പിൻപറ്റുകയല്ലാതെ വഴിയില്ല. മനുഷ്യന്റെ ഇഹപര ജീവിത വിജയത്തിന് നിദാനമായി ക്വുർആൻ വിവരിക്കുന്ന സ്വഭാവഗുണങ്ങളും അനുബന്ധമായ പ്രവാചക വചനങ്ങളുമാണ് ഇവിടെ വിവരിക്കുന്നത്.

**1. നന്മ കൽപിക്കുക, തിന്മ വിരോധിക്കുക**

ജനങ്ങളോട് നന്മ കൽപിക്കാനും തിന്മ വിരോധിക്കാനും ആജ്ഞാപിക്കുന്ന ധാരാളം വചനങ്ങൾ ക്വുർആനിൽ കാണാൻ കഴിയും. അല്ലാഹു പറയുന്നു:

“നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽനിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ” (3:104).

ക്വുർആൻ വിശേഷിപ്പിച്ച രൂപത്തിൽ ആളുകളോട് ആർജവത്തോടെ നല്ല കാര്യങ്ങൾ കൽപിക്കാനും നീചകൃത്യങ്ങൾ വിലക്കാനും കഴിയണമെങ്കിൽ, അവർ ജീവിതത്തിൽ സ്വയം മാതൃകയായിത്തീരേണ്ടി വരും. ഇത്തരത്തിൽ മാതൃകായോഗ്യരായ വ്യക്തികൾക്ക് മാത്രമെ ഉത്തമസമൂഹത്തിന് അടിത്തറ പാകാൻ സാധിക്കുകയുള്ളൂ.

**2. നല്ല കാര്യങ്ങൾക്ക് ധനം ചെലവഴിക്കുക**

നല്ല കാര്യങ്ങൾ കൽപിക്കുന്നതോടൊപ്പം ആവശ്യമായ സാമ്പത്തികസഹായം നൽകാനും വിശ്വാസികൾ തയ്യാറാകേണ്ടതുണ്ട്. അല്ലാഹു നൽകിയ സമ്പത്തിൽനിന്ന് ചെലവഴിക്കാൻ ക്വുർആനിൽ ധാരാളം സ്ഥലങ്ങളിൽ കൽപിക്കുന്നതായി കാണാം.

“സത്യവിശ്വാസികളേ, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽനിന്നും ഭൂമിയിൽനിന്ന് നിങ്ങൾക്ക് നാം ഉൽപാദിപ്പിച്ചുതന്നതിൽനിന്നും നിങ്ങൾ ചെലവഴിക്കുവിൻ. കണ്ണടച്ചുകൊണ്ടല്ലാതെ നിങ്ങൾ സ്വീകരിക്കാത്ത മോശമായ സാധനങ്ങൾ (ദാനധർമങ്ങളിൽ) ചെലവഴിക്കുവാനായി കരുതി വെക്കരുത്. അല്ലാഹു ആരുടെയും ആശ്രയമില്ലാത്തവനും സ്തുത്യർഹനുമാണെന്ന് നിങ്ങൾ അറിഞ്ഞു കൊള്ളുക” (2:168).

ദാനധർമം ഇസ്‌ലാമിൽ വളരെ പുണ്യകരമായ ഒരു കർമമാണെങ്കിലും മോശമായ സാധനങ്ങൾ ദാനം ചെയ്യാൻ മാറ്റിവെക്കുന്ന പ്രവണതയെ മുകളിൽ കൊടുത്ത ക്വുർആൻവചനം വിലക്കുകയാണ് ചെയ്യുന്നത്. നാം ഇഷ്ടപ്പെടുന്ന വസ്തുക്കളിൽനിന്ന് ചെലവഴിക്കുമ്പോൾ മാത്രമെ നമുക്ക് പ്രതിഫലം ലഭിക്കുകയുള്ളൂവെന്നും ക്വുർആൻ ഉണർത്തുന്നുണ്ട്.

“നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾക്ക് പുണ്യം നേടാനാവില്ല. നിങ്ങൾ ഏതൊരു

വസ്തു ചെലവഴിക്കുന്നതായാലും തീർച്ചയായും അല്ലാഹു അതിനെപ്പറ്റി അറിയുന്നവനാകുന്നു" (3:92).

അല്ലാഹു നമുക്ക് നൽകിയ സമ്പത്ത് ചെലവഴിക്കുന്നതിന് പ്രത്യേക കാലമോ സമയമോ ഇല്ല. രാവും പകലും, രഹസ്യമായും പരസ്യമായും സമ്പത്ത് ചെലവഴിക്കുന്ന എല്ലാവർക്കും അല്ലാഹുവിങ്കൽ നിന്ന് വമ്പിച്ച പ്രതിഫലം ലഭിക്കുമെന്നും, അവർക്ക് ഇഹപര ജീവിതത്തിൽ ഭയപ്പെടുകയും ദുഃഖിക്കുകയും ചെയ്യേണ്ടിവരില്ലെന്നും ക്വുർആൻ പ്രഖ്യാപിക്കുന്നുണ്ട്.

"രാത്രിയും പകലും രഹസ്യമായും പരസ്യമായും തങ്ങളുടെ സ്വത്തുക്കൾ ചെലവഴിച്ചുകൊണ്ടിരിക്കു ന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അവർ അർഹിക്കുന്ന പ്രതിഫലമുണ്ടായിരിക്കുന്നതാണ്. അവർ യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർക്ക് ദുഃഖിക്കേണ്ടിവരികയുമില്ല" (2:274).

സമ്പത്ത് ചെലവഴിക്കാൻ ആഹ്വാനം ചെയ്യുകയും അതിന്റെ പ്രതിഫലം വിവരിക്കുകയും ചെയ്യുന്ന അവവധി വചനങ്ങൾ വേറെയുമുണ്ട്.

**3. കോപം നിയന്ത്രിക്കുക**

സമ്പത്ത് ചെലവഴിക്കുന്ന സത്യവിശ്വാസികളുടെ അടുത്ത ഗുണമായി ക്വുർആൻ പറയുന്നത് അവർ കോപം നിയന്ത്രിക്കുന്നവരും ജനങ്ങൾക്ക് വിട്ടുവീഴ്ച ചെയ്തു കൊടുക്കുന്നവരുമാണെന്നാണ്. അല്ലാഹു പറയുന്നു:

"സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമങ്ങൾ ചെയ്യുകയും, കോപം ഒതുക്കിവെക്കുകയും, മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്നവർ. (അത്തരം) സൽകർമകാരികളെ അല്ലാഹു സ്നേഹിക്കുന്നു" (3:134).

കോപം നിയന്ത്രിക്കുക എന്ന സ്വഭാവഗുണം വിശ്വാസികളിൽ അനിവാര്യമായും ഉണ്ടായിരി ക്കേണ്ടതാണെന്നാണ് ഹദീസുകൾ പഠിപ്പിക്കുന്നത്.

അല്ലാഹു നമുക്ക് നൽകിയ സമ്പത്ത് ചെലവഴിക്കുന്നതിന് പ്രത്യേക കാലമോ സമയമോ ഇല്ല. രാവും പകലും, രഹസ്യ മായും പരസ്യമായും സമ്പത്ത് ചെലവഴി ക്കുന്ന എല്ലാവർക്കും അല്ലാഹുവിങ്കൽ നിന്ന് വമ്പിച്ച പ്രതിഫലം ലഭിക്കുമെന്നും, അവർക്ക് ഇഹപര ജീവിതത്തിൽ ഭയപ്പെടു കയും ദുഃഖിക്കുകയും ചെയ്യേണ്ടിവരില്ലെ ന്നും ക്വുർആൻ പ്രഖ്യാപിക്കുന്നുണ്ട്.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: "സംഘട്ടനം നടത്തുന്നവനല്ല ശക്തൻ; കോപം വരുമ്പോൾ മനസ്സിനെ നിയന്ത്രിക്കുന്നവനാണ്" (ബുഖാരി, മുസ്‌ലിം).

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; ഒരാൾ നബി(സ്വ)യോട് പറഞ്ഞു: "എനിക്ക് ഉപദേശം നൽകിയാലും." നബി(സ്വ) പറഞ്ഞു: "നീ കോപിക്കരുത്." അദ്ദേഹം പലതവണ ഈ ചോദ്യം ആവർത്തിച്ചുകൊണ്ടിരുന്നു. അപ്പോഴെല്ലാം നബി(സ്വ) പറഞ്ഞു: "നീ കോപിക്കരുത്" (ബുഖാരി, മുസ്‌ലിം).

**4. വിശ്വസിച്ചേൽപിക്കപ്പെട്ടവ തിരിച്ചുകൊടുക്കുക**

ജനങ്ങൾ നമ്മെ വിശ്വസിച്ച് ഏൽപിച്ച കാര്യങ്ങൾ യഥാവിധി നിർവഹിക്കാൻ ക്വുർആൻ വിശ്വാസികളോട് ആഹ്വാനം ചെയ്യുന്നുണ്ട്. അല്ലാഹു പറയുന്നു:

"വിശ്വസിച്ചേൽപിക്കപ്പെട്ടവ അവയുടെ അവകാശികൾക്ക് നിങ്ങൾ കൊടുത്തുവീട്ടണമെന്നും ജനങ്ങൾക്കിടയിൽ നിങ്ങൾ തീർപ്പുകൽപിക്കുകയാണെങ്കിൽ നീതിയോടെ തീർപ്പുകൽപിക്കണമെന്നും അല്ലാഹു നിങ്ങളോട് കൽപിക്കുന്നു. എത്രയോ നല്ല ഉപദേശമാണ് അവൻ നിങ്ങൾക്ക് നൽകുന്നത്. തീർച്ചയായും എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു അല്ലാഹു" (4:58).

വിശ്വസിച്ച് ഏൽപിച്ച കാര്യങ്ങൾ നിർവഹിക്കാൻ പലരും തയ്യാറാണെങ്കിലും, ഇടപാട് നടത്തുന്നവർ വഞ്ചന കാണിച്ചാൽ പിന്നെ വിശ്വസിച്ചേൽപിച്ച കാര്യത്തിൽ

അവർ സത്യസന്ധത പാലിക്കാറില്ല. എന്നാൽ അമാനത്ത് നിർവഹിക്കുന്നവർ വഞ്ചിക്കുന്നവരോടുപോലും വഞ്ചന കാണിക്കാൻ പാടില്ലെന്നാണ് ഹദീസുകൾ വ്യക്തമാക്കുന്നത്.

സമുറ(റ)യിൽ നിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: "അമാനത്ത് നിന്നെ വിശ്വസിച്ചേൽപിച്ചതാണ്. നിന്നെ വഞ്ചിക്കുന്നവരെ പോലും നീ വഞ്ചിക്കരുത്" (അഹ്മദ്).

**5. പ്രത്യഭിവാദ്യം ചെയ്യുക**

ഒരാളെ കണ്ടുമുട്ടുമ്പോൾ സലാം പറഞ്ഞ് അഭിവാദ്യം ചെയ്യൽ ഇസ്‌ലാമിക മര്യാദയാണ്. നമ്മെ അഭിവാദ്യം ചെയ്യുന്നവരോടു നല്ലനിലയിൽ പ്രത്യഭിവാദ്യം ചെയ്യുവാൻ ക്വുർആൻ നിർദേശിക്കുന്നുണ്ട്.

"നിങ്ങൾക്ക് അഭിവാദ്യം അർപ്പിക്കപ്പെട്ടാൽ അതിനെക്കാൾ മെച്ചമായി (അങ്ങോട്ട്) അഭിവാദ്യം അർപ്പിക്കുക. അല്ലെങ്കിൽ അതുതന്നെ തിരിച്ചുനൽകുക. തീർച്ചയായും അല്ലാഹു ഏതൊരു കാര്യത്തിന്റെ യും കണക്ക് നോക്കുന്നവനാകുന്നു" (4:86).

**6. ഉപകാരം ചെയ്യുന്നവർക്കുവേണ്ടി പ്രാർഥിക്കുക**

ഉപകാരങ്ങൾ ചെയ്യുന്നവരോട് നന്ദി കാണിക്കാനും അവർക്കു വേണ്ടി പ്രാർഥിക്കാനും പ്രവാചകൻ(സ്വ) കൽപിച്ചിട്ടുണ്ട്.

നബി(സ്വ) പറഞ്ഞു: "ജനങ്ങളോട് നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുന്നില്ല." മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം.

"ആർക്കെങ്കിലും വല്ല ഉപകാരവും ലഭിച്ചാൽ അത് ചെയ്തവനോട് 'അല്ലാഹു നിനക്ക് നല്ല പ്രതിഫലം നൽകട്ടെ' എന്ന് പറയണം, അത് ഏറ്റവും നല്ല പുകഴ്ത്തലാണ്" (തിർമുദി).

**7. വിശ്വാസവഞ്ചന കാട്ടരുത്**

വിശ്വാസികൾ മത, സാമൂഹിക, സാമ്പത്തിക രംഗങ്ങളിലെല്ലാം വിശ്വസ്തത പുലർത്തുകയും തങ്ങളിലർപ്പിക്കപ്പെട്ട കാര്യങ്ങളിൽ ഒരിക്കലും വഞ്ചന കാണിക്കാതിരിക്കുകയും വേണം.

അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവോടും റസൂലിനോടും വഞ്ചന കാണിക്കരുത്. നിങ്ങൾ വിശ്വസിച്ചേൽപിക്കപ്പെട്ട കാര്യങ്ങളിൽ അറിഞ്ഞുകൊണ്ട് വഞ്ചന കാണിക്കുകയും ചെയ്യരുത്" (8:27).

**8. അനാഥകളുടെ ധനം അപഹരിക്കരുത്**

അനാഥകളെയും അഗതികളെയും സംരക്ഷിക്കേണ്ടത് വിശ്വാസികളുടെ ബാധ്യതയാണ്. അവർ ഒരിക്കലും അനാഥരുടെ ധനം അപഹരിക്കുകയോ അന്യായമായ മാർഗത്തിൽ അത് ഭക്ഷിക്കുകയോ ചെയ്യാൻ പാടില്ല. ക്വുർആൻ പറയുന്നു:

"അനാഥയ്ക്ക് പ്രാപ്തിയെത്തുന്നതുവരെ ഏറ്റവും നല്ലരീതിയിലല്ലാതെ അവന്റെ സ്വത്തിനെ നിങ്ങൾ സമീപിക്കരുത്. നിങ്ങൾ കരാർ നിറവേറ്റുക. തീർച്ചയായും കരാറിനെപ്പറ്റി ചോദ്യം ചെയ്യപ്പെടുന്നതാണ്" (17:34).

അനാഥകളുടെ സമ്പത്ത് കൈകാര്യം ചെയ്യുന്ന ഒരു രക്ഷാധികാരി ഒരിക്കലും തന്റെ സ്വത്തും അനാഥയുടെ സ്വത്തും തമ്മിൽ കൂട്ടിക്കലർത്തുകയോ, അനാഥരുടെ നല്ല സമ്പത്തിന് പകരം മോശമായത് പകരം നൽകുകയോ ചെയ്യരുത്. അല്ലാഹു പറയുന്നു:

"അനാഥകൾക്ക് അവരുടെ സ്വത്തുക്കൾ നിങ്ങൾ വിട്ടുകൊടുക്കുക. നല്ലതിനുപകരം ദുഷിച്ചത് നിങ്ങൾ മാറ്റിയെടുക്കരുത്. നിങ്ങളുടെ ധനത്തോട് കൂട്ടിച്ചേർത്ത് അവരുടെ ധനം നിങ്ങൾ തിന്നുകളയുകയുമരുത്. തീർച്ചയായും അത് ഒരു കൊടുംപാതകമാകുന്നു" (4:2).

അനാഥരുടെ ധനം അന്യായമായി അകത്താക്കുന്നവർ നരകാഗ്നിയാണ് ഭുജിക്കുന്നതെന്നാണ് ക്വുർആൻ പറയുന്നത്.

"തീർച്ചയായും അനാഥകളുടെ സ്വത്തുക്കൾ അന്യായമായി തിന്നുന്നവർ അവരുടെ വയറുകളിൽ തിന്നു(നിറക്കു)ന്നത് തീ മാത്രമാകുന്നു. പിന്നീട് അവർ നരകത്തിൽ കത്തിയെരിയുന്നതുമാണ്" (4:10).

*(അവസാനിച്ചില്ല)*

ഉസ്മാൻ പാലക്കാഴി
: 9656 292 244

# പ്രബുദ്ധ കേരളത്തിന്റെ അടിയൊഴുക്കുകൾ

സാക്ഷരതയുടെയും സംസ്കാരത്തിന്റെയും താരതമ്യക്കണക്കുകളിൽ ഊറ്റംകൊള്ളുന്ന മലയാളി പ്രബുദ്ധതയുടെ മസ്തകത്തിന് കിട്ടുന്ന താഡനങ്ങളാണ് തട്ടിപ്പിന്റെയും വെട്ടിപ്പിന്റെയും അക്രമ പരമ്പരകളുടെയും പുതിയ കണക്കുകൾ. കാൽക്കാശിന്റെ ലാഭത്തിന് വേണ്ടി സ്വന്തം നിലമറക്കുന്ന തരത്തിലേക്ക് മലയാളി മാറിയതിന് ആരാണ് ഉത്തരവാദി?

*ഇക്കഴിഞ്ഞ ഏപ്രിൽ ഒന്നിന് (തിങ്കൾ) മിക്ക മലയാള പത്രങ്ങളുടെയും ഒന്നാം പേജിൽ വന്ന വാർത്തകളിൽ ഒന്ന് ഇതായിരുന്നു: "കേരളത്തിൽനിന്ന് 2023ൽ ഓൺലൈൻ തട്ടിപ്പിലൂടെ നഷ്ടമായത് 201.79 കോടി രൂപയെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ കണക്ക്. രാജ്യത്താകെ 7488.64 കോടിയാണ് നഷ്ടമായത്. ഭൂരിഭാഗം പണവും ചൈനയിലെ അക്കൗണ്ടുകളിലേക്കാണു പോയത്. ഇന്നു സംസ്ഥാന പൊലീസ് സൈബർ മേധാവികളുടെ യോഗം ആഭ്യന്തരമന്ത്രാലയം വിളിച്ചിട്ടുണ്ട്.*

*2023ൽ ഏറ്റവും കൂടുതൽ പണം നഷ്ടമായത് മഹാരാഷ്ട്രയിലാണ്- 990 കോടി. തെലങ്കാന (759), യുപി (721), തമിഴ്നാട് (661), കർണാടക (662), ഗുജറാത്ത് (650) എന്നിങ്ങനെയാണു കണക്ക്.*

*1930 എന്ന ഹെൽപ് ലൈൻ നമ്പറിലേക്കു പരാതിപ്പെട്ടവരുടെ മാത്രം കണക്കാണിത്. തട്ടിപ്പിനിരയാകുമ്പോൾത്തന്നെ വിളിച്ചാൽ ബാങ്കിൽനിന്നു പണം പിൻവലിക്കുന്നതു തടയാനാകും. കേരളത്തിലെ 201.79 കോടിയിൽ 36 കോടി ഇത്തരത്തിൽ തടഞ്ഞുവയ്ക്കാൻ കഴിഞ്ഞു.*

*കേരളത്തിൽ കൂടുതൽ പേർക്കു പണം പോയത് വീട്ടിലിരുന്നു പണമുണ്ടാക്കാമെന്ന പരസ്യങ്ങളിൽ ക്ലിക്ക് ചെയ്ത് പിന്നീട് ടെലിഗ്രാം ആപ്പിലൂടെ നടത്തുന്ന ഓൺലൈൻ ട്രേഡിങ്ങിലാണ്. കൂടുതലും തിരുവന*



*ന്തപുരം, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിൽ. ഈ മാസം 15 മുതൽ ഈ നഗരങ്ങളിൽ പൊലീസ് ബോധവൽക്കരണം നടത്തും."*

സാക്ഷരതയുടെയും സംസ്കാരത്തിന്റെയും പ്രബുദ്ധതയുടെയും മതനിരപേക്ഷതയുടെയുമൊക്കെ പേരിൽ അഭിമാനം കൊള്ളുന്ന മലയാളികൾ എളുപ്പത്തിൽ കബളിപ്പിക്കപ്പെടുന്ന കാര്യത്തിലും പിന്നിലല്ല എന്ന് ഒട്ടേറെ സംഭവങ്ങൾ തെളിയിക്കുന്നുണ്ട്. സാമ്പത്തിക തട്ടിപ്പിനിരയായി കോടികൾ നഷ്ടപ്പെട്ട വാർത്ത പുറത്തുവന്നാലും അതേ തട്ടിപ്പിന് തലവച്ചുകൊടുക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത് ധനത്തോടുള്ള അത്യാർത്തിയല്ലാതെ മറ്റെന്താണ്?

## സാങ്കേതികവിദ്യയുടെ ദുരുപയോഗം

സാങ്കേതിക ഉപാധികൾ കേരളത്തെ മാറ്റിയപോലെ മലയാളി മനസ്സ് അവയെയും മാറ്റിത്തീർക്കുകയായിരുന്നു. ഇന്റർനെറ്റ് എന്ന അസാധാരണ സാധ്യതകളുള്ള ആശയവിനിമയോപാധി ഏറ്റവും നിഷേധാത്മകമായി ഉപയോഗിക്കപ്പെട്ട സ്ഥലങ്ങളിൽ ഒന്ന് കേരളമാണ്. അശ്ലീല വെബ്സൈറ്റുകളും നീലച്ചിത്രങ്ങളും മതിമറന്നാസ്വദിക്കാനുള്ള ഇടങ്ങളായാണ് ഇന്റർനെറ്റ് കഫേകൾ ഉപയോഗിക്കപ്പെട്ടത്. ആരും കാണാത്തിടങ്ങൾ എന്ത് തോന്ന്യാസവും കാട്ടാമെന്ന മലയാളി മനസ്സ് ഇന്റർനെറ്റിനെ സ്വതാൽപര്യങ്ങൾക്ക് ഉപയോഗിച്ചു. കഫേകളുടെ കുഞ്ഞുമുറിക്കുള്ളിൽ സ്വന്തം ശരീരകാമനകളെ തൃപ്തിപ്പെടുത്താമെന്ന് മലയാളി കണ്ടെത്തി. ഒളിഞ്ഞുനോട്ടത്തിന്റെ സ്വന്തം നാട്ടിൽ ഒളികാമറകളിൽ പെണ്ണുടലുകളുടെ പലമാതിരി ചലനങ്ങൾ പകർത്തപ്പെട്ടു.

വീടിനുള്ളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീകൾക്ക് പുറംലോകത്തെ എത്തിപ്പിടിക്കാനുള്ള വഴിയായി മൊബൈൽ ഫോൺ മാറി. പുറംലോകവുമായി

സമ്പർക്കം സാധ്യമായെങ്കിലും കേരളീയ സ്ത്രീകളെ സംബന്ധിച്ചിടത്തോളം അത് അനേകം പ്രശ്നങ്ങൾക്കും കാരണമായി. പുറംലോകം മാറിയിരുന്നില്ല. തുറിച്ചുനോട്ടവും ബലാൽക്കാരവും ലൈംഗികാതിക്രമങ്ങളും കൊണ്ട് അത് സ്ത്രീകളെ നേരിട്ടു. മലയാളി ആൺലോകം മൊബൈൽ ഫോണുകളെ അതിനുള്ള ആയുധമാക്കി മാറ്റി. മിസ്ഡ് കോൾ അടുപ്പങ്ങൾ സാർവത്രികമായി. കുടുംബബന്ധങ്ങളിൽ അത് ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിച്ചു. മിസ്ഡ് കോൾ വഴി അടുപ്പത്തിലായ കാമുകനെ വീട്ടിൽ വിളിച്ചുവരുത്തിയ വീട്ടമ്മ അയാളുടെ കൈകളാൽ കൊല്ലപ്പെട്ട സംഭവത്തിന് കേരളം സാക്ഷിയായിട്ടുണ്ട്.

## സ്ത്രീസമൂഹവും സുരക്ഷിതത്വവും

സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരായ അതിക്രമം ആഗോളതലത്തിൽ തന്നെ വർധിച്ചുവരുന്നതായാണ് ഏതാനും വർഷങ്ങളായി റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണം സൂചിപ്പിക്കുന്നത്. ലോകത്ത് ആകെയുള്ള സ്ത്രീകളിൽ മൂന്നിലൊന്ന് (ഏകദേശം 743 ദശലക്ഷത്തിലേറെ) സ്ത്രീകൾ ജീവിതത്തിൽ ഒരിക്കലെങ്കിലും ലൈംഗികാതിക്രമം നേരിടുന്നുണ്ടെന്നാണ് ഐക്യരാഷ്ട്ര സംഘടന പറയുന്നത്. റേപ്പ് കേസുകൾ ഉൾപ്പെടാത്തതാണ് ഈ കണക്ക്.

2018ൽ തോംസൺ റോയിട്ടേഴ്സ് ഫൗണ്ടേഷൻ തയ്യാറാക്കിയ, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഏറ്റവും കൂടുതലുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയാണ് ഒന്നാമത്. രണ്ടാം സ്ഥാനത്ത് അഫ്ഗാനിസ്ഥാനാണ്.

സ്ത്രീധന പീഡനവും ലൈംഗികാതിക്രമങ്ങളും ഭർത്താവിന്റെയും വീട്ടുകാരുടെയും ക്രൂരതകളുമാണ് സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ ഏറ്റവും റിപ്പോർട്ട് ചെയ്യപ്പെടുന്നത്.

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ടനുസരിച്ച് ഇന്ത്യയിൽ 2020ൽ സ്ത്രീകൾക്കെതിരായ കുറ്റങ്ങളുടെ പേരിൽ 315694 കേസുകളാണ് എടുത്തിട്ടുള്ളത്. ഉത്തർപ്രദേശിലാണ് ഏറ്റവും കൂടുതൽ കേസ്- 39601.

34426 കേസുകളുള്ള രാജസ്ഥാനും 34170 കേസുകളുള്ള പശ്ചിമ ബംഗാളുമാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടെ പേരിൽ കേരളത്തിൽ 2020ൽ 8139 കേസുകളാണെടുത്തത്.

2018ൽ ഇന്ത്യയിലാകെ 329638 കേസുകളായിരുന്നു സ്ത്രീകൾക്കെതിരായ കുറ്റങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്തത്. 2019ൽ അത് 348162 കേസുകളായി ഉയർന്നു.

> സാക്ഷരതയുടെയും സംസ്കാരത്തിന്റെയും പ്രബുദ്ധതയുടെയും മതനിരപേക്ഷതയുടെയുമൊക്കെ പേരിൽ അഭിമാനം കൊള്ളുന്ന മലയാളികൾ എളുപ്പത്തിൽ കബളിപ്പിക്കപ്പെടുന്ന കാര്യത്തിലും പിന്നിലല്ല എന്ന് ഒട്ടേറെ സംഭവങ്ങൾ തെളിയിക്കുന്നുണ്ട്. സാമ്പത്തിക തട്ടിപ്പിനിരയായി കോടികൾ നഷ്ടപ്പെട്ട വാർത്ത പുറത്തുവന്നാലും അതേ തട്ടിപ്പിന് തലവച്ചുകൊടുക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത് ധനത്തോടുള്ള അത്യാർത്തിയല്ലാതെ മറ്റെന്താണ്?



2021 ജനുവരി മുതൽ ഒക്ടോബർ വരെ കേരളത്തിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടെ പേരിൽ വിവിധ വകുപ്പുകൾ പ്രകാരം എടുത്ത കേസുകളുടെ എണ്ണം 12784 ആണ്. 10 മാസത്തെ മാത്രം കണക്കാണിത്. സ്ത്രീകൾ നൽകിയ പരാതികളിൽ ഏറ്റവും കൂടുതൽ ഭർത്താവിന്റെയും ബന്ധുക്കളുടെയും ക്രൂരതയെക്കുറിച്ചുള്ളതാണ്. 3803 പരാതികളാണ് ഭർത്താവിന്റെയും ബന്ധുകളുടെയും പീഡനം സംബന്ധിച്ച് 2021 ഒക്ടോബർ വരെ കേരള പൊലീസിന് ലഭിച്ചിട്ടുള്ളത്. 2020ൽ 2736 കേസുകളായിരുന്നു ഉണ്ടായിരുന്നത്. റേപ്പ് ചെയ്യപ്പെട്ടതായുള്ള 1845 കേസുകളാണ് ഈ വർഷം രജിസ്റ്റർ ചെയ്തിട്ടുള്ളത്. ലൈംഗികാക്ര

മണ കേസുകൾ 3359 ആണ്. 145 തട്ടിക്കൊണ്ടുപോകൽ കേസും ഇക്കാലയളവിലുണ്ടായിട്ടുണ്ട്.

സദാചാര ബോധത്തിൽ ഏറെ മുന്നിലാണ് മലയാളികൾ എന്നാണ് വയ്പ്പ്. പുറം കാഴ്ചയിൽ അത് ശാന്തമാണ്. എന്നാൽ അടിയൊഴുക്കൾ ഏറെ മനോരോഗാത്മകമാണ് എന്ന് ഈ കണക്കുകൾ ബോധ്യപ്പെടുത്തുന്നു. സ്വന്തം പിതാക്കന്മാരെ ഭയന്ന് പെൺമക്കളെ ഹോസ്റ്റലിൽ നിർത്തി പഠിപ്പിക്കുന്ന അമ്മമാരുടെ എണ്ണം വർധിക്കുന്നു. ഏറ്റവും അടുത്ത ബന്ധുക്കളാൽ പോലും പെൺകുട്ടികൾ പീഡിപ്പിക്കപ്പെടുന്നു. ഒറ്റപ്പെട്ട സംഭവങ്ങളെ സാമാന്യവത്കരിച്ച് പറയുന്നത് നീതിയല്ല. എന്നാൽ ഒറ്റപ്പെട്ട സംഭവം എന്ന് വിശേഷിപ്പിക്കാൻ കഴിയാത്തവിധം ദിനേന ഇത്തരം വാർത്തകൾ പുറ



ത്തുവരുന്നു എന്നത് യാഥാർഥ്യമാണ്.

സ്ത്രീകൾക്ക് രാത്രി പുറത്തിറങ്ങാൻ പറ്റാത്ത നാട് എന്നൊരു പറച്ചിൽ പണ്ട് ഉണ്ടായിരുന്നു. കാലം മാറിയപ്പോൾ ആ പറച്ചിലിലും മാറ്റം വരുത്തേണ്ടിവന്നിരിക്കുന്നു. കാരണം പട്ടാപ്പകലും പെണ്ണ് സുരക്ഷിതയല്ല. വീടിനു പുറത്താകുമ്പോൾ മാത്രമല്ല വീട്ടിനകത്താകുമ്പോഴും അവൾ അന്യരാൽ ആക്രമിക്കപ്പെടുന്നു. കൊലചെയ്യപ്പെടുന്നു. സമീപകാലത്തു നടന്ന ഒട്ടേറെ ഉദാഹരണങ്ങൾ ഈ വിഷയത്തിൽ ചൂണ്ടിക്കാണിക്കാനാവും. മൂവാറ്റുപുഴ ജനറൽ ആശുപത്രിക്കുള്ളിൽവച്ച് ഒരു യുവതി പട്ടാപ്പകൽ കഴുത്തറുത്ത് കൊലചെയ്യപ്പെട്ടത് മാർച്ച് 31നാണ്.

### പെൺകുറ്റവാളികൾ വർധിക്കുന്നുവോ?

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർധിക്കുമ്പോഴും സ്ത്രീകൾ ഉൾപെട്ട അതിക്രമങ്ങളും കൂടിക്കൊണ്ടിരിക്കുകയാണ് എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. കാമുകനെ കൊന്ന് വെട്ടിനുറുക്കി സ്യൂട്ട്കേസിൽ നിറച്ച ഡോക്ടർ ഓമന, ഭർത്താവിന്റെ ആദ്യഭാര്യയിലുള്ള കുഞ്ഞിനെ ക്രൂരമർദനത്തിരയാക്കി കുപ്രസിദ്ധി നേടിയ ദേവിക അന്തർജനം എന്ന റംല, ഭർത്താവിന്റെ സ്വത്ത് വകകൾ സ്വന്തമാക്കാൻ ഭർതൃപിതാവിനെ വധിച്ച ഷെറിൻ, മെഡിക്കൽ കോളേജുകളിൽ സീറ്റ് വാഗ്ദാനം ചെയ്ത് 6 കോടി തട്ടിയടുത്ത കവിത പിള്ള, സാമ്പത്തിക തട്ടിപ്പിൽ കുപ്രസിദ്ധിനേടിയ സരിത നായർ, ലിനമരിയ പോൾ, ഏറ്റവും ഒടുവിൽ തന്റെ വഴിവിട്ട ജീവിതത്തിന് തടസ്സമെന്നു കണ്ട് സ്വന്തം മാതാപിതാക്കളെയും രണ്ടു മക്കളെയും വിഷംകൊടുത്ത് കൊന്ന പിണറായിയിലെ സൗമ്യ... ഇവർ ഏതാനും ഉദാഹരണങ്ങൾ മാത്രം.

'ആപത്ഘട്ടങ്ങളിൽ തനിച്ചാകുന്ന സ്ത്രീകളുടെ രക്ഷയ്ക്കാ'യി എന്ന പരസ്യവാചകത്തോടെ വിപണിയിലെത്തിയതാണ് കുരുമുളക് സ്പ്രേ. അക്രമിക്ക് നേരെ സ്പ്രേ പ്രയോഗിച്ച് സ്ത്രീകൾക്ക് രക്ഷപ്പെടാം. 24കാരി സുറുമിയും കുരുമുളക് സ്പ്രേ പ്രയോഗിച്ചത് രക്ഷപ്പെടാനാണ്. മുത്തശ്ശിയുടെ കണ്ണിൽ സ്പ്രേ അടിച്ച് ഒരു പവന്റെ മാല കവർന്ന ശേഷം രക്ഷപ്പെടാനായിരുന്നെന്നു മാത്രം.

ആപത്ഘട്ടങ്ങളിൽ രക്ഷപ്പെടാൻ മാത്രമല്ല മോഷണം നടത്താനും ഈ സ്പ്രേ ഉപയോഗപ്പെടുത്താമെന്ന് സുറുമി തെളിയിച്ചു. സ്പിരിറ്റ് കടത്ത് അടക്കം നിരവധി കേസുകളിൽ പ്രതിയായിരുന്ന സുറുമി വീണ്ടും വാർത്തയിലെ താരമായത് 2014 ജൂലായ് രണ്ടാം

വാരമാണ്. കാഞ്ഞിരപ്പള്ളിയിൽ അമ്മയുടെ അമ്മയ്ക്ക് ഒപ്പമായിരുന്നു സുറുമിയുടെ താമസം. മുത്തശ്ശിയോട് സുറുമി പണം ആവശ്യപ്പെട്ടെങ്കിലും അവർ നൽകാൻ തയ്യാറായില്ല. തുടർന്നാണ് ബാഗിൽ സൂക്ഷിച്ച കുരുമുളക് സ്പ്രേ മുത്തശ്ശിയുടെ നേർക്ക് പ്രയോഗിച്ചത്. ആഡംബര ജീവിതത്തോടുള്ള ആസക്തിയായിരുന്നു സുറുമിയെ കുറ്റകൃത്യങ്ങളിലേക്ക് നയിച്ചത്.

അടുത്തകാലത്ത് നടന്ന പല കുറ്റകൃത്യങ്ങളും ആഡംബര ജീവിതം ലക്ഷ്യമിട്ടുള്ളതായിരുന്നു. സാമ്പത്തികവും സാമൂഹികവുമായ അരക്ഷിതാവസ്ഥയാണ് കുറ്റകൃത്യങ്ങളിലേക്ക് നയിച്ച പ്രധാന ഘടകം. എങ്ങനെയും പണമുണ്ടാക്കണം എന്ന ചിന്ത സമൂഹത്തിൽ വ്യാപിച്ചതോടെയാണ് കുറ്റകൃത്യങ്ങളിൽ സ്ത്രീ പങ്കാളിത്തം വർധിച്ചത്. ആഡംബരത്തിന്റെയും പണത്തിന്റെയും പ്രലോഭനത്തിൽ സത്രീകൾ എളുപ്പം വീണു പോകുകയും ചെയ്യുന്നു. സമൂഹത്തിൽ പൊതുവിലുണ്ടായ ജീർണതകളുടെ തുടർച്ച തന്നെയാണ് സ്ത്രീകളുടെ ജീവിതത്തിൽ വന്ന മാറ്റവും. ആർഭാട ജീവിതവും വലിയ വീടും കാറുമൊക്കെ സ്വപ്നം കണ്ട് കുറുക്കുവഴികൾ തേടുന്നവരിൽ കുറ്റവാസന വർധിക്കുന്നത് സ്വാഭാവികം.

### സീരിയലുകൾ എന്ന സാംസ്കാരിക വിപത്ത്

വൈകുന്നേരത്തോടെ കേരളത്തിലെ കുടുംബിനികൾ അളിഞ്ഞ സീരിയലുകൾ വാരിത്തിന്നാൻ ധൃതികാട്ടുന്നു. അതിനായി മറ്റെല്ലാ തിരക്കുകളും മാറ്റിവെക്കുന്നു. കണ്ണീർ സീരിയലുകളെക്കാൾ ഇന്ന് രംഗം കയ്യാളുന്നത് അവിഹിതബന്ധങ്ങളുടെ സസ്പെൻസ് ത്രില്ലറുകളാണ്. അന്യന്റെ സ്വകാര്യതയിലേക്ക് ഒളിഞ്ഞുനോക്കാനുള്ള വാസന മലയാളികളിൽ അൽപം കൂടുതലാണ്. സീരിയൽ കച്ചവടക്കാർ ഇത് സമർഥമായി ഉപയോഗിക്കുന്നു.

പൊതുസമൂഹത്തെ വിഡ്ഢികളാക്കിക്കൊണ്ട് ദീർഘകാലമായി അരങ്ങേറുന്ന ഈ സാംസ്കാരിക വിപത്തിനെ പ്രതിരോധിക്കാൻ പ്രബുദ്ധരെന്ന് അവകാശപ്പെടുന്ന മലയാളി സമൂഹം ഇനിയും വൈകിയാൽ അതിന് വലിയ വിലകൊടുക്കേണ്ടിവരുമെന്നതിൽ സംശയമില്ല. ഒരുകാലത്ത് 'മ' പ്രസിദ്ധീകരണങ്ങളിൽ നിരന്തരം പ്രത്യക്ഷപ്പെട്ട പൈങ്കിളി നോവലുകളായിരുന്നു അലോസരമുണ്ടാക്കിയിരുന്നതെങ്കിൽ ഇന്ന് ആ സ്ഥാനം ഏറ്റെടുത്തിട്ടുള്ളത് സ്വകാര്യ ടെലിവിഷൻ ചാനലുകളിലെ പൈങ്കിളി സീരിയലുകളാണ്.

അതെ, മലയാളിക്ക് പ്രബുദ്ധതയുണ്ട്, പക്ഷേ, പ്രതികരണശേഷി എങ്ങോ കൈമോശം വന്നുകൊണ്ടിരിക്കുകയാണ്. ആവശ്യമില്ലാത്ത വിവാദങ്ങൾക്ക് പിറകെ പോകാനാണ് നമ്മളിൽ പലർക്കും താൽപര്യം. അതേ

> എങ്ങനെയും പണമുണ്ടാക്കണം എന്ന ചിന്ത സമൂഹത്തിൽ വ്യാപിച്ചതോടെയാണ് കുറ്റകൃത്യങ്ങളിൽ സ്ത്രീ പങ്കാളിത്തം വർധിച്ചത്. ആഡംബരത്തിന്റെയും പണത്തിന്റെയും പ്രലോഭനത്തിൽ സത്രീകൾ എളുപ്പം വീണു പോകുകയും ചെയ്യുന്നു. സമൂഹത്തിൽ പൊതുവിലുണ്ടായ ജീർണതകളുടെ തുടർച്ച തന്നെയാണ് സ്ത്രീകളുടെ ജീവിതത്തിൽ വന്ന മാറ്റവും. ആർഭാട ജീവിതവും വലിയ വീടും കാറുമൊക്കെ സ്വപ്നം കണ്ട് കുറുക്കുവഴികൾ തേടുന്നവരിൽ കുറ്റവാസന വർധിക്കുന്നത് സ്വാഭാവികം.

സമയം ആവശ്യമുള്ള കാര്യങ്ങൾക്കു നേരെ ബോധപൂർവം നാം മുഖം തിരിക്കുന്നു.

പ്രബുദ്ധതയിലും സാക്ഷരതയിലും പുരോഗമനാശയങ്ങളിലും മാധ്യമ അവബോധത്തിലും മറ്റും ഇന്ത്യയിൽ മുൻനിരക്കാരെന്ന് അഭിമാനിക്കുന്നവരാണ് നാം. അത്തരമൊരു നാട്ടിലാണ് ഇവ്വിധമൊരു ഗതികേട് വന്നു പെട്ടിരിക്കുന്നത്!

കേരളത്തിലെ ജനപ്രിയ ടി.വി സീരിയലുകൾ ഓരോ ദിവസവും നമ്മുടെ സാംസ്കാരികബോധത്തെ കശാപ്പു ചെയ്യുകയും മനസ്സിനെ (പ്രത്യേകിച്ച് സ്ത്രീ മനസ്സിനെ) തടവിലാക്കുകയും ചെയ്യുന്നു എന്നതാണ് പരമാർഥം. ഓരോ സീരിയലും ദീർഘകാലത്തേക്കാണ് ഇപ്രകാരം പ്രേക്ഷക മനസ്സുകളെ തടവിലാക്കുന്നത്. മനുഷ്യന്റെ ഏറ്റവും പ്രാകൃതമായ വികാരങ്ങളിലേക്കാണ് കേരളത്തിലെ ഭൂരിപക്ഷം സീരിയൽ

നിർമാതാക്കളുടെയും നോട്ടം. അഹങ്കാരം, അസൂയ, കുശുമ്പ്, വിദ്വേഷം, വൈരാഗ്യബുദ്ധി, ഹിംസാത്മകത തുടങ്ങിയവയെ കത്തിജ്വലിപ്പിക്കത്തക്ക രീതിയിൽ പടുത്തുയർത്തിയ കൃത്രിമ കഥാസന്ദർഭങ്ങൾ നിറഞ്ഞവയാണ് ചാനൽ സീരിയലുകളിൽ സംപ്രേഷണം ചെയ്തുവരുന്നവയിൽ ഏറിയകൂറും. കഴുതയുടെ മസ്തിഷ്കമുള്ള പുരുഷന്മാരും ചെന്നായയുടെ ഹൃദയമുള്ള സ്ത്രീകളുമാണ് ഒട്ടുമിക്ക സീരിയലുകളിലെയും പ്രധാന കഥാപാത്രങ്ങൾ. അവരോടൊപ്പം ശുദ്ധാത്മാവായ ഒരു പെണ്ണുമുണ്ടാവും. അല്ലെങ്കിൽ നിഷ്കളങ്കനും വ്യക്തിത്വമില്ലാത്തവനുമായ ഒരു പുരുഷനും. കശാപ്പുകാരന്റെ പുറകെ നടന്നുചെല്ലുന്ന



പാവം ആട്ടിൻകുട്ടിയുടെ മനസ്സും ചലന ക്രമവുമാണ് അത്തരം കഥാപാത്രങ്ങൾക്കുണ്ടാവുക. കണ്ണീരും മൂക്കുപിഴിച്ചിലും വഴക്കും വക്കാണവും കൊണ്ട് ശബ്ദമുഖരിതമാവുന്ന യാമങ്ങൾ. വെറും പൊള്ളയായ ഈ കൃത്രിമലോകം ശബ്ദഭേരിയും വർണപ്പകിട്ടും അരോചകമായ പശ്ചാത്തല സംഗീതവും സംഭാഷണ ചടുലതയും കൊണ്ട് ഒരു യഥാർഥ ലോകമാണെന്ന പ്രതീതിയാണ് പ്രേക്ഷകർക്ക് നൽകുന്നത്.

സീരിയലുകളുടെ അടിമകളായിത്തീരുന്ന പ്രേക്ഷകസമൂഹം സ്വയമറിയാതെ ഒപ്പം പരസ്യങ്ങളുടെയും അടിമകളായി മാറുന്നു. സീരിയലുകളും പരസ്യങ്ങളും ഇരട്ടകളെപ്പോലെ മെയ്യോടുമെയ് ചേർന്നാണ് ടെലി

സീരിയലുകളും പരസ്യങ്ങളും ഇരട്ടകളെപ്പോലെ മെയ്യോടു മെയ് ചേർന്നാണ് ടെലിവിഷൻ ചാനലുകളിൽ ഇന്ന് അരങ്ങേറുന്നത്. ഏതൊക്കെ ഉപഭോഗ വസ്തുക്കളാണ് നാം വാങ്ങേണ്ടതെന്ന് കമ്പനികൾ നിശ്ചയിക്കുന്നു, പ്രഖ്യാപിക്കുന്നു. നമ്മുടെ വിവേചനാധികാരം അവർ ഏറ്റെടുക്കുന്നു. നമ്മെ നിരന്തരം മോഹിപ്പിക്കുന്നു, പ്രേരിപ്പിക്കുന്നു. പ്രേക്ഷകരുടെ ബൗദ്ധികമായ ജാഗ്രതയെയും സദാചാരബോധത്തെയും സീരിയലുകൾ വിലക്കെടുക്കുന്നതുപോലെ നമ്മുടെ വിവേകത്തെയും തിരഞ്ഞെടുക്കാനുള്ള അവകാശത്തെയും പരസ്യക്കമ്പനികൾ വിലയ്ക്കെടുക്കുന്നു!

വിഷൻ ചാനലുകളിൽ ഇന്ന് അരങ്ങേറുന്നത്. ഏതൊക്കെ ഉപഭോഗ വസ്തുക്കളാണ് നാം വാങ്ങേണ്ടതെന്ന് കമ്പനികൾ നിശ്ചയിക്കുന്നു, പ്രഖ്യാപിക്കുന്നു. നമ്മുടെ വിവേചനാധികാരം അവർ ഏറ്റെടുക്കുന്നു. നമ്മെ നിരന്തരം മോഹിപ്പിക്കുന്നു, പ്രേരിപ്പിക്കുന്നു. പ്രേക്ഷകരുടെ ബൗദ്ധികമായ ജാഗ്രതയെയും സദാചാരബോധത്തെയും സീരിയലുകൾ വിലക്കെടുക്കുന്നതുപോലെ നമ്മുടെ വിവേകത്തെയും തിരഞ്ഞെടുക്കാനുള്ള അവകാശത്തെയും പരസ്യക്കമ്പനികൾ വിലയ്ക്കെടുക്കുന്നു!

### മദ്യനിരോധനം കേവലം തെരഞ്ഞെടുപ്പുകാല വാഗ്ദാനം

ഓരോ വർഷവുമുള്ള വിശേഷ ആഘോഷ ദിനങ്ങളുടെ പിറ്റേദിവസം മലയാളപത്രങ്ങളിൽ ആഘോഷിക്കപ്പെടുന്ന മറ്റൊരു വിശേഷമുണ്ട്. മലയാളികൾ കുടിച്ചുവറ്റിച്ച മദ്യത്തിന്റെ കണക്കുകൾ. കോടി

കണക്ക് നോക്കിയാൽ പ്രതിവർഷം ആയിരം കോടി രൂപയുടെ വർധനവാണ് കേരളത്തിലെ വിദേശമദ്യ വിൽപനയിൽ കാണുന്നത്. കേരളത്തിലെന്നല്ല ലോകത്താകമാനം തന്നെയും മറ്റൊരു വ്യവസായത്തിലും ഇത്തരത്തിലൊരു കുതിപ്പ് കാണാനാകില്ല. ഇന്ത്യാ മഹാരാജ്യത്ത് മദ്യത്തിന്റെ ഉപഭോഗത്തിൽ കേരളം ഒന്നാം സ്ഥാനത്ത് എത്തിനിൽക്കുകയാണെന്ന് ഈ കണക്കുകൾ വെറുതെയൊന്ന് നോക്കിയാൽ വ്യക്തമാകും.




കൾ മാറിമറിയുന്ന കണക്കുകൾ സർക്കാർ വക ബിവറേജസ് കോർപറേഷൻ നൽകുന്നതാണ്. കേരളം കുടിച്ചുതീർത്ത മദ്യത്തിന്റെ വകയിൽ സർക്കാറിനു കിട്ടിയ നേട്ടം. ഇങ്ങനെയൊരു വിശേഷവാർത്ത പുറത്തിറങ്ങാൻ തുടങ്ങിയിട്ട് ഏതാണ്ട് രണ്ടു പതിറ്റാണ്ടുകളേ ആയിട്ടുണ്ടാകൂ. മദ്യം അത്രയേറെ അനിവാര്യമായ ഒന്നായി മാറിയിരിക്കുന്നു ഇന്ന്. അനുഷ്ഠാനം പോലെ ആഘോഷങ്ങൾക്കുള്ള പ്രാഥമിക ഘടകം!

സമ്പൂർണ മദ്യവർജനം നടപ്പാക്കുമെന്നോ ബാറുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമെന്നോ പുതിയവ അനുവദിക്കില്ലെന്നോ ഒക്കെ തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങൾക്ക് വാഗ്ദാനം നൽകുന്നവർ ഭരണത്തിലേറിയാൽ നാട്ടിൽ എങ്ങനെയൊക്കെ മദ്യം വ്യാപിപ്പിക്കാം എന്ന ഗവേഷണത്തിലേർപ്പെടുന്ന അവസ്ഥയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

2004 മുതൽ 2012 വരെയുള്ള കണക്കനുസരിച്ച് നാൽപതിനായിരം കോടി രൂപയുടെ വിദേശമദ്യമാണ് കേരളത്തിൽ വിറ്റഴിഞ്ഞത്. ഇത് പഴയ കണക്കാണെന്നും പുതിയ കണക്കിൽ എന്തുമാത്രം വർധനവുണ്ടായിരിക്കുമെന്നും ഓർക്കുക. കള്ളുഷാപ്പുകൾ, വാറ്റ് കേന്ദ്രങ്ങൾ, അതിർത്തി കടത്തിക്കൊണ്ടുവരുന്ന സ്പിരിറ്റ്, വിദേശരാജ്യങ്ങളിൽ നിന്ന് അനധികൃതമായി കടത്തിക്കൊണ്ടുവരുന്ന മുന്തിയ ഇനം വിദേശ മദ്യം, പ്രവാസി മലയാളികൾ നാട്ടിലേക്ക് വരുമ്പോൾ കൊണ്ടുവരുന്ന കുപ്പികൾ, മാഹിയിൽനിന്നും മറ്റും കടത്തിക്കൊണ്ടുവരുന്ന വിദേശമദ്യം, ഭടന്മാർക്കും വിമുക്തഭടന്മാർക്കും കിട്ടുന്ന മദ്യക്വാട്ട എന്നിവയുടെ കൂടി കണക്കെടുത്താൽ മലയാളി ഉപയോഗിച്ച മദ്യത്തിന്റെ കണക്ക് ഇതിന്റെ ഇരട്ടികളായിരിക്കും!

കണക്ക് നോക്കിയാൽ പ്രതിവർഷം ആയിരം കോടി രൂപയുടെ വർധനവാണ് കേരളത്തിലെ വിദേശമദ്യ വിൽപനയിൽ കാണുന്നത്. കേരളത്തിലെന്നല്ല ലോകത്താകമാനം തന്നെയും മറ്റൊരു വ്യവസായത്തിലും ഇത്തരത്തിലൊരു കുതിപ്പ് കാണാനാകില്ല. ഇന്ത്യാ മഹാരാജ്യത്ത് മദ്യത്തിന്റെ ഉപഭോഗത്തിൽ കേരളം ഒന്നാം സ്ഥാനത്ത് എത്തിനിൽക്കുകയാണെന്ന് ഈ കണക്കുകൾ വെറുതെയൊന്ന് നോക്കിയാൽ വ്യക്തമാകും.

സർക്കാരിന് താൽപര്യം പുതിയ ബാറുകളും ബിവറേജസ് ഔട്ട്ലെറ്റുകളും തുറക്കുവാനാണ്. കുടിയന്മാരുടെ എണ്ണം കുറയണമെന്ന് സർക്കാർ ആഗ്രഹിക്കുന്നുവെങ്കിൽ ഇങ്ങനെ ചെയ്യില്ലല്ലോ. എത്ര നിഷേധിച്ചാലും സംസ്ഥാന സർക്കാരിന്റെ പ്രധാന വരുമാനമാർഗമാണ് മദ്യമെന്നതിൽ സംശയമില്ല. കേരളത്തിലെ വിദേശമദ്യശാലകളും വിൽപന കേന്ദ്രങ്ങളുമെല്ലാം ടൂറിസത്തെ പ്രോത്സാഹിപ്പിക്കാനാണെന്നാണ് സർക്കാരിന്റെ വാദം. കോടതിയിൽ പോലും സർക്കാർ വാദിച്ചത് മദ്യത്തെ നിയന്ത്രിച്ചാൽ ടൂറിസം മുരടിക്കുമെന്നാണ്.

മദ്യവിൽപന പൊടിപൊടിക്കുന്ന എക്സൈസ് വകുപ്പ് മദ്യത്തിനെതിരെ ബോധവത്ക്കരണം നടത്തുന്നത് വിരോധാഭാസമല്ലേ? സംസ്ഥാനത്തെ മികച്ച മദ്യവിരുദ്ധ പ്രവർത്തകർക്ക് അവാർഡ് കൊടുക്കുകയാണ് ബോധവത്ക്കരണത്തിലെ പ്രധാന ഇനം! കിഡ്നിയും കരളുമൊക്കെ ഉരുകിത്തീരുന്നവരുടെയും വിധവകളുടെയും അനാഥമക്കളുടെയും എണ്ണം വർധിക്കും വിധം യഥേഷ്ടം മദ്യം ലഭ്യമാക്കുക, ഒപ്പം നാമമാത്രമായ ബോധവത്ക്കരണവും!



# രോഗിയെ സന്ദർശിക്കുമ്പോൾ

അബൂഫായിദ

അബ്ദുല്ലാഹിബ്നു ഉമർ(റ) വിവരിക്കുന്നു: “ഞങ്ങൾ അല്ലാഹുവിന്റെ ദൂതരുടെ അടുക്കൽ ഇരിക്കുകയായിരുന്നു. അപ്പോൾ അൻസ്വാരിയായ ഒരു സഹാബി അദ്ദേഹത്തിന്റെ അടുക്കൽ വന്ന് സലാം പറഞ്ഞു. പിന്നീട് ആ അൻസ്വാരി തിരിഞ്ഞ് നടന്നു. അപ്പോൾ നബി(സ്വ) അദ്ദേഹത്തോട് ചോദിച്ചു: ‘അൻസാരിയായ സഹോദരാ, എന്റെ സഹോദരൻ സഅ്ദുബ്നു ഉബാദയുടെ അവസ്ഥയെന്താണ്?’ അദ്ദേഹം പറഞ്ഞു: ‘സുഖമായിരിക്കുന്നു.’ അപ്പോൾ നബി(സ്വ) (കൂടെയുണ്ടായിരുന്ന സഹാബികളോടായി) ചോദിച്ചു: ‘നിങ്ങളിൽ ആരാണ് അദ്ദേഹത്തെ സന്ദർശിക്കാൻ തയ്യാറുള്ളത്?’ ഇത് പറഞ്ഞുകൊണ്ട് അവിടുന്ന് എഴുന്നേറ്റു. ഞങ്ങളും അദ്ദേഹത്തോടൊപ്പം എഴുന്നേറ്റു. ഞങ്ങൾ പത്തുപേരിലധികം ഉണ്ടായിരുന്നു. ഞങ്ങളുടെ കാലിൽ ചെരുപ്പോ കാലുറയോ ഉണ്ടായിരുന്നില്ല. ഞങ്ങൾക്ക് തൊപ്പിയോ ഖമീസോ ഉണ്ടായിരുന്നില്ല. ഞങ്ങൾ ആ ചരൽ മണ്ണിലൂടെ നടന്ന് സഅ്ദിന്റെ അടുക്കലെത്തി. അപ്പോൾ അദ്ദേഹത്തിന്റെ ചുറ്റും ഉണ്ടായിരുന്ന ആളുകൾ പുറകോട്ട് മാറുകയും നബി(സ്വ)യും തങ്ങളോടൊപ്പമുള്ള സ്വഹാബികളും അദ്ദേഹത്തെ സമീപിക്കുകയും ചെയ്തു” (മുസ്‌ലിം)

രോഗം ഏതായാലും അത് അനുഭവിക്കുന്ന വ്യക്തിക്കും അയാളുടെ കുടുംബത്തിനും അത് പ്രത്യക്ഷത്തിൽ ഒരു ദുരിതമാണ്. എന്നാൽ സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം അത് ഒരനുഗ്രഹമാണ്. “തീ സ്വർണത്തിലെയും വെള്ളിയിലെയും അഴുക്ക് നീക്കുന്നതുപോലെ ഒരു മുസ്‌ലിമിന് രോഗം കുറ്റങ്ങൾക്ക് പരിഹാരമാകും” (അബൂദാവൂദ്) എന്ന് നബി(സ്വ) അറിയിച്ചിട്ടുണ്ട്.

മറ്റൊരിക്കൽ നബി(സ്വ) പറഞ്ഞു: “ഒരു സത്യവിശ്വാസിക്ക് ക്ഷീണമോ തളർച്ചയോ രോഗമോ മനോദുഃഖമോ വല്ല ഉപദ്രവമോ കാലിൽ തറച്ച മുള്ളുകാരണം വേദനയോ അനുഭവിക്കേണ്ടിവരുന്നപക്ഷം അതു കാരണം അവന്റെ പാപങ്ങളിൽനിന്ന് അല്ലാഹു പൊറുത്തുകൊടുക്കാതിരിക്കില്ല” (ബുഖാരി, മുസ്‌ലിം). ഇത് രോഗികൾക്കുള്ള സന്തോഷവാർത്തയാണ്. ഏത് കഠിനമായ പ്രയാസവേളയിലും ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുകപോലും ചെയ്യാതെ ക്ഷമിക്കുവാനും സഹിക്കുവാനും ഇത് പ്രചോദനമേകുന്നു. ദുർബലരും അവശരും രോഗികളുമായവരെ നിരാശയുടെ കയത്തിൽനിന്നും രക്ഷപ്പെടുത്തുന്ന വചനങ്ങൾ!

രോഗികളെ സന്ദർശിക്കുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്യുക എന്നത് വിശ്വാസികളുടെ പരസ്പര ബാധ്യതയാണെന്ന് നബി(സ്വ) പറഞ്ഞിട്ടുണ്ട്. അതിന്റെ പ്രാധാന്യം മനസ്സിലാക്കിത്തരുന്നതാണ് തുടക്കത്തിൽ കൊടുത്ത ഹദീസ്. സഅ്ദുബ്നു ഉബാദ(റ)ക്ക് ആശ്വാസമുണ്ട് എന്നറിഞ്ഞിട്ടും നബി(സ്വ) സ്വഹാബിമാരെ കൂട്ടി അദ്ദേഹത്തെ സന്ദർക്കാൻ പോകുകയാണ്, ഏറെ പ്രയാസങ്ങൾ സഹിച്ചുകൊണ്ടുതന്നെ!

രോഗിയെ സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും ഒത്താശകൾ ചെയ്തുകൊടുക്കുകയുമെല്ലാം വിശ്വാസിയുടെ കടമയാണ്. രോഗി സമ്പന്നനോ സാധുവോ സ്വന്തം മതക്കാരനോ അന്യമതക്കാരനോ എന്നൊന്നും നോക്കേണ്ടതില്ല. ജൂതനായ ഒരു അടിമ രോഗിയായപ്പോൾ നബി(സ്വ) അയാളെ സന്ദർശിച്ചതായി ഇമാം ബുഖാരി രേഖപ്പെടുത്തുന്നുണ്ട്.

രോഗത്തിന്റെ ഗൗരവം പറഞ്ഞ് (ഉള്ളതോ ഇല്ലാത്തതോ ആണെങ്കിലും) രോഗിയെ ഭയപ്പെടുത്താതിരിക്കാനും നിരാശനാക്കാതിരിക്കാനും സന്ദർശകർ ശ്രദ്ധിക്കേണ്ടതാണ്. രോഗിയിൽ പ്രതീക്ഷയും മനോർദാഢ്യതയും വളർത്തുന്ന നിലയ്ക്കുള്ള കാര്യങ്ങളേ പറയാവൂ. പലരും രോഗിയുടെ അവസ്ഥ കണ്ട് ദയനീയമായി രോഗിയെ നോക്കുകയും താടിക്ക് കൈകൊടുത്ത് തലയാട്ടുകയും ചെയ്യുന്നത് കാണാം. ‘ഏതാണ്ട് കഴിയാറായി’ എന്ന മട്ടിൽ. അല്ലെങ്കിൽ ഇതേരോഗം പിടിപെട്ട് ഇന്നയിന്നയാൾ മരിച്ചു എന്നൊക്കെ പറയും. ഇതൊക്കെ രോഗിയോട് ചെയ്യുന്ന കടുത്ത അക്രമമാണ്.

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300

ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ നവോത്ഥാന നായകൻ 07

# ഐക്യസംഘത്തിലേക്ക്

അന്ധവിശ്വാസാചാരങ്ങൾ തിരുത്താനും സമുദായത്തിൽ ഐക്യം വളർത്താനും ആഹ്വാനം ചെയ്തുകൊണ്ട് 'ഉൽഫത്തുൽ ഇസ്‌ലാം' (ഇസ്‌ലാമികൈക്യം) എന്ന പേരിൽ ഒരു ഗ്രന്ഥവും ശൈഖ് ഹമദാനി തങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനകം തന്നെ മുസ്‌ലിം വിദ്യാഭ്യാസ പുരോഗതിക്കായി നിരവധി പദ്ധതികൾ അദ്ദേഹം ആസൂത്രണം ചെയ്തിരുന്നു. അലീഗഢ് സർവകലാശാലാ മാതൃകയിൽ ഒരു ഉന്നതകലാലയം സ്ഥാപിക്കാനായി അന്നത്തെ ദിവാനായിരുന്ന പി.രാജഗോപാലാചാരിയെക്കൊണ്ട് എട്ടേക്കർസ്ഥലം സൗജന്യമായി ആലുവയിൽ പതിപ്പിച്ചുവാങ്ങാൻ അദ്ദേഹത്തിനു സാധിച്ചുവെങ്കിലും ആ ലക്ഷ്യം സഫലമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. നിഷ്പക്ഷ സംഘം ഐക്യസംഘമായി മാറിയ ഏറിയാട് സമ്മേളനം കഴിഞ്ഞ് ഏതാനും മാസങ്ങൾക്കകം (1922ൽ) അദ്ദേഹം അന്തരിച്ചു.

നിഷ്പക്ഷസംഘം അടിക്കടി പുരോഗമിച്ചുവന്നു. അംഗങ്ങളും ശാഖകളും വർധിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ആയിടയ്ക്കാണ് അതിന്റെ ഒരു പൊതുയോഗം (1922ൽ) എറിയാട് ചന്തയുടെ മൈതാനത്ത് വിളിച്ചുകൂട്ടിയത്. ആവേശത്തോടും ഉത്സാഹത്തോടും കൂടി പ്രവർത്തകർ അതിൽ പങ്കെടുത്തു. നിഷ്പക്ഷ സംഘത്തിനുണ്ടായ വിജയവും ജനസമ്മതിയും അവരിൽ ശുഭപ്രതീക്ഷയും പ്രവർത്തനൗത്സുക്യവും വളർത്തിയിരുന്നു. ഇത് ഒരു 'താൽകാലിക സംഘം' മാത്രമായാൽ പോരെന്നും കേരളാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ശക്തമായ പ്രസ്ഥാനമായിരിക്കണമെന്നും പ്രവർത്തകർ അഭിപ്രായപ്പെട്ടു. അങ്ങനെ 'നിഷ്പക്ഷസംഘം' ആ യോഗത്തിൽ വെച്ച് കേരളാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 'കേരള മുസ്‌ലിം ഐക്യസംഘ'മായി മാറി.

നിഷ്പക്ഷ സംഘം കേരള മുസ്‌ലിം ഐക്യസംഘമായി മാറിയപ്പോഴും ശൈഖ് ഹമദാനി തങ്ങൾ അതിന്റെ മുൻനിരയിലുണ്ടായിരുന്നു. വക്കം മൗലവിയുടെ 'മുസ്‌ലിം,' 'ഇസ്‌ലാം,'

‘സ്വദേശാഭിമാനി’ തുടങ്ങിയ പത്രങ്ങളിൽ സമുദായോദ്ധാരണത്തിനുള്ള നിർദേശങ്ങൾ സമർപ്പിച്ചുകൊണ്ട് അദ്ദേഹം നിരവധി ലേഖനങ്ങളെഴുതിയിരുന്നു. അന്ധവിശ്വാസാനാചാരങ്ങൾ തിരുത്താനും സമുദായത്തിൽ ഐക്യം വളർത്താനും ആഹ്വാനം ചെയ്തുകൊണ്ട് ‘ഉൽഫത്തുൽ ഇസ്‌ലാം’ (ഇസ്‌ലാമികൈക്യം) എന്ന പേരിൽ ഒരു ഗ്രന്ഥവും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനകം തന്നെ മുസ്‌ലിം വിദ്യാഭ്യാസ പുരോഗതിക്കായി നിരവധി പദ്ധതികൾ അദ്ദേഹം ആസൂത്രണം ചെയ്തിരുന്നു. അലീഗഢ് സർവകലാശാലാ മാതൃകയിൽ ഒരു ഉന്നതകലാലയം സ്ഥാപിക്കാനായി അന്നത്തെ ദിവാനായിരുന്ന പി.രാജഗോപാലാചാരിയെക്കൊണ്ട് എട്ടേക്കർസ്ഥലം സൗജന്യമായി ആലുവയിൽ പതിപ്പിച്ചുവാങ്ങാൻ അദ്ദേഹത്തിനു സാധിച്ചുവെങ്കിലും ആ ലക്ഷ്യം സഫലമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. നിഷ്പക്ഷ സംഘം ഐക്യസംഘമായി മാറിയ ഏറിയാട് സമ്മേളനം കഴിഞ്ഞ് ഏതാനും മാസങ്ങൾക്കകം (1922ൽ) അദ്ദേഹം അന്തരിച്ചു. ആലുവയിൽ തുടങ്ങാൻ നിശ്ചയിച്ചിരുന്ന കലാലയത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പിന്നീട് ഐക്യസംഘം തയ്യാറായെങ്കിലും അത് പൂർത്തിയാക്കാൻ ഐക്യസംഘത്തിനും സാധിച്ചില്ല.

ഐക്യസംഘത്തിന്റെ രൂപീകരണത്തിൽ മുഖ്യപങ്കു വഹിച്ചവരിൽ ഹാജി കോട്ടപ്പുറത്ത് സീതി മുഹമ്മദ് സാഹിബ്, അദ്ദേഹത്തിന്റെ സീമന്തപുത്രൻ കെ.എം.സീതി സാഹിബ്, മണപ്പാട് പി. കുഞ്ഞഹമ്മദ് ഹാജി, കെ.കെ.മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, പുത്തൻവീട്ടിൽ കെ.എം. കുഞ്ഞുമുഹമ്മദ് സാഹിബ് എന്നിവരോടൊപ്പം മലബാറുകാരായ ഇ.കെ.മൗലവി, കെ.എം.മൗലവി, ടി.കെ.മുഹമ്മദ് മൗലവി, ഇ.മൊയ്തു മൗലവി, കാസർക്കോട്ടുകാരായ അറബിച്ചെമ്മനാട്, മൗലവി മുഹമ്മദ് ശറൂൽ തുടങ്ങിയവരും ഉൾപ്പെടുന്നു. ശൈഖ് ഹമദാനി തങ്ങൾ പ്രസിഡന്റും ഹാജി കോട്ടപ്പുറത്ത് സീതി മുഹമ്മദ് സാഹിബ് കാര്യദർശിയുമായി സംഘത്തിന്റെ കമ്മിറ്റി നിലവിൽ വന്നു. സംഘത്തിന്റെ പ്രഥമ സഹകാര്യദർശി ഇ.കെ. മൗലവിയായിരുന്നു.



അല്ലാഹുവിന്റെ പാശമാകുന്ന ഖുർആനും അതിന്റെ വിശദീകരണമാകുന്ന സുന്നത്തും മുറുകെ പിടിച്ചുകൊണ്ടായിരിക്കണം ഐക്യസംഘം മുന്നോട്ടു പോകേണ്ടത് എന്ന നിശ്ചയദാർഢ്യം അതിന്റെ നായകന്മാർക്കുണ്ടായിരുന്നു. അല്ലാഹുവിന്റെ പാശം മുറുകെ പിടിക്കുന്നത് ഐക്യത്തോടെ ഒന്നിച്ചായിരിക്കണമെന്നും അവിടെ ഭിന്നിപ്പ് പാടില്ലെന്നും ഖുർആൻ തന്നെ വ്യക്തമാക്കിയതാണ്. അതുകൊണ്ടായിരിക്കണം കേരളാടിസ്ഥാനത്തിൽ രൂപീകൃതമായ പ്രഥമ ഇസ്‌ലാഹീ സംഘം അതിന്റെ പേരിൽതന്നെ ‘ഐക്യ’ത്തിന് അർഹമായ സ്ഥാനം നൽകിയത്. നൂറ്റാണ്ടുകളായി ഭിന്നിച്ചുകഴിഞ്ഞിരുന്ന രണ്ടു വിഭാഗത്തെ ഇസ്‌ലാമിലൂടെ ഇണക്കുവാൻ മുഹമ്മദ് നബി(സ്വ)ക്ക് സാധിച്ചത് അല്ലാഹുവിൽനിന്നുള്ള മഹത്തായ ഒരനുഗ്രഹമായി ഖുർആൻ എടുത്തുകാട്ടിയത് ഇത്തരുണത്തിൽ സ്മരണീയമത്രെ. സമുദായൈക്യം കെട്ടിപ്പടുക്കുന്നതിൽ ഈ സംഘടന കൈവരിച്ച നേട്ടങ്ങൾ സ്തുത്യർഹമാണ്. ഇസ്‌ലാഹീ പ്രവർത്തകർ അന്നും ഇന്നും എന്നും സമുദായൈക്യത്തിന്റെ സന്ദേശവാഹകരാണെന്ന കാര്യം ആരാലും നിഷേധിക്കുക സാധ്യമല്ല.

സമൂഹത്തിൽ കൊടികുത്തിവാണിരുന്ന അന്ധവിശ്വാസ-അനാചാരങ്ങൾക്കെതിരെയും ഐക്യ

സംഘം ശ്രദ്ധയൂന്നി. മിക്ക അനാചാരങ്ങളും ശിർക്കു കലർന്നവയായതിനാൽ ശിർക്കിനെതിരെ ആഞ്ഞടിക്കുക എന്നതും ഐക്യസംഘത്തിന്റെ പ്രധാന അജണ്ടയായിരുന്നു. സമൂഹത്തിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉന്മൂലനം ചെയ്യാൻ സാധിക്കണമെങ്കിൽ സമൂഹം വിദ്യാഭ്യാസപരമായി പുരോഗതി പ്രാപിക്കേണ്ടതുണ്ട് എന്നതായിരുന്നു ഐക്യസംഘത്തിന്റെ നിലപാട്. അതിനാൽ സമൂഹത്തിന് വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിലും ഐക്യസംഘം ശ്രദ്ധിച്ചു. അന്ധവിശ്വാസ-അനാചാരങ്ങൾക്കെതിരായ പ്രചാരണങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങളും മറ്റുമായിരുന്നു ഐക്യസംഘത്തിന്റെ പ്രധാന കർമ മണ്ഡലങ്ങൾ.

സമുദായത്തിന്റെ പൊതുനന്മ കണക്കിലെടുത്ത് അഭ്യന്തര പ്രശ്നങ്ങൾ പരിഹരിച്ച് ഒറ്റക്കെട്ടായി നിൽക്കുക, പുസ്തകങ്ങൾ, ലഘുലേഖകൾ, പ്രസംഗങ്ങൾ എന്നിവയിലൂടെ പുരോഗമനാത്മക കാഴ്ചപ്പാടുകൾ സമുദായത്തിലേക്ക് എത്തിക്കുക, പരിഹരിക്കപ്പെടാത്ത തർക്കങ്ങൾ തെരഞ്ഞെടുക്കപ്പെട്ട സാമുദായിക നേതാക്കളുടെ നേതൃത്വത്തിൽ ഒത്തുതീർപ്പിലാക്കുക, തർക്കങ്ങളിൽനിന്നു പിന്തിരിയുന്നതിനായി അവർക്ക് പ്രേരണ നൽകുക, മുസ്‌ലിം പണ്ഡിതന്മാരെ ഉൾപ്പെടുത്തി ഒരു സംഘടന രൂപീകരിക്കുക, മുസ്‌ലിംകളുടെ സാമുദായികവും സാമ്പത്തികവുമായ ഉന്നമനത്തിനായി പ്രവർത്തിക്കുക തുടങ്ങിയവയെല്ലാം ഐക്യസംഘത്തിന്റെ ലക്ഷ്യങ്ങളായിരുന്നു.

അല്ലാഹുവിന്റെ പാശമാകുന്ന ക്വുർആനും അതിന്റെ വിശദീകരണമാകുന്ന സുന്നത്തും മുറുകെ പിടിച്ചുകൊണ്ടായിരിക്കണം ഐക്യസംഘം മുന്നോട്ടു പോകേണ്ടത് എന്ന നിശ്ചയദാർഢ്യം അതിന്റെ നായകന്മാർക്കുണ്ടായിരുന്നു. അല്ലാഹുവിന്റെ പാശം മുറുകെ പിടിക്കുന്നത് ഐക്യത്തോടെ ഒന്നിച്ചായിരിക്കണമെന്നും അവിടെ ഭിന്നിപ്പ് പാടില്ലെന്നും ക്വുർആൻ തന്നെ വ്യക്തമാക്കിയതാണ്. അതുകൊണ്ടായിരിക്കണം കേരളാടിസ്ഥാനത്തിൽ രൂപീകൃതമായ പ്രഥമ ഇസ്വ്‌ലാഹീ സംഘം അതിന്റെ പേരിൽതന്നെ 'ഐക്യ'ത്തിന് അർഹമായ സ്ഥാനം നൽകിയത്. നൂറ്റാണ്ടുകളായി ഭിന്നിച്ചുകഴിഞ്ഞിരുന്ന രണ്ടു വിഭാഗത്തെ ഇസ്‌ലാമിലൂടെ ഇണക്കുവാൻ മുഹമ്മദ് നബി(സ്വ)ക്ക് സാധിച്ചത് അല്ലാഹുവിൽനിന്നുള്ള മഹത്തായ ഒരനുഗ്രഹമായി ക്വുർആൻ എടുത്തുകാട്ടിയത് ഇത്തരുണത്തിൽ സ്മരണീയമത്രെ.


സമസ്ത
കേരളമുസലിം ഐക്യ
സംഘം
കാസറഗോട്ടു വെച്ചു
ജനാബ് മൌലാനാ സയ്യിദ്
അബ്ദുൽ വഹാബ് ബുഖാരീ
സാഹേബ് (എം. എ) യുടെ
അദ്ധ്യക്ഷതയിൽ കൂടിയ
11-ാംവാൎഷികയോഗത്തിൽ
സമൎപ്പിച്ച റിപ്പോർട്ട്.
1934 മെയി 5-ാംനു

ഐക്യസംഘത്തിന്റെ വരവോടെയുണ്ടായ പുതിയ ചലനങ്ങൾ തൗഹീദീ മുന്നേറ്റങ്ങൾക്ക് സാക്ഷിയായതുപോലെ മുസ്‌ലിം വിദ്യാഭ്യാസരംഗത്തും വലിയ പരിവർത്തനങ്ങൾക്ക് കാരണമായിട്ടുണ്ട്. വിദ്യാഭ്യാസം മുസ്‌ലിം കുടുംബങ്ങളിൽ സാർവത്രികമായി മാറി. മുസ്‌ലിം സമുദായത്തിൽനിന്നും ഒട്ടേറെ പേർ ഉന്നത സ്ഥാനങ്ങളിലെത്തിപ്പെടാൻ സംഘത്തിന്റെ പ്രവർത്തനങ്ങൾ കാരണമായി. ബിരുദവും ബിരുദാനന്തര ബിരുദവും നേടിയ ഉദ്യോഗസ്ഥകളായ നിരവധി മുസ്‌ലിം സ്ത്രീകൾ എറിയാട്ടുനിന്നും പരിസര പ്രദേശങ്ങളിൽനിന്നും ഉയർന്നുവന്നത് ഐക്യസംഘം സാധിച്ച വിദ്യാഭ്യാസ നവോത്ഥാനത്തിന്റെ നേട്ടങ്ങളായിരുന്നു എന്നതിൽ സംശയമില്ല. ഈ നേട്ടങ്ങളിൽ വലിയൊരു പങ്ക് ഇ.കെ.മൗലവിയുടെതായിരുന്നു എന്ന് പറയാവുന്നതാണ്.

ഐക്യസംഘത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൊടുങ്ങല്ലൂർ പ്രദേശത്ത് മാത്രമായി ഒതുങ്ങിനിന്നില്ല. ഇ.കെ.മൗലവി


ന്ദിച്ചുകൊള്ളുന്നു.

റിപ്പോർട്ട് വർഷത്തിലെ നിർവ്വാഹക കമ്മററിയിലെ
അംഗങ്ങളും ഉദ്യോഗസ്ഥന്മാരും.

കഴിഞ്ഞ 10-ാം വാർഷികയോഗത്തിൽവെച്ചു താഴെ പറയുന്നവരെ റിപ്പോർട്ടുവർഷത്തെക്കുള്ള നിർവ്വാഹകകമ്മിററിയിലെഅംഗങ്ങളായും ഉദ്യോഗസ്ഥന്മാരായുംതിരഞ്ഞെടുക്കപ്പെട്ടു.

1. ജ: കെ. എം. സീതിസാഹിബ് B. A, B. L. (പ്രസിഡെണ്ടു)
2 ,, കെ. എം. കുഞ്ഞാലിറായന ,, (വൈസ്പ്രസിഡെണ്ടു
3 ,, മണപ്പാട്ട് പി. കുഞ്ഞിമുഹമ്മദ്ഹാജി ,, (ജനറൽ സിക്രട്ടെരി)
4. ,, ഇ. കെ. മൌലവി ,, (വർക്കിംഗ് സിക്രട്ടെരി )
5. ,, കെ. സി കുഞ്ഞിക്കോമു ,, (ജോയിണ്ടു സിക്രട്ടെരി)
6. ., എ. കെ. അബ്ദുല്ല ,, ബി. എ. (ജനറൽകാപ്ററൻ)
7. ,, കെ. എം. കുഞ്ഞുമുഹമ്മദ് ,, (പ്രധാനന്യായാധിപൻ)
8. ., പി. കെ. മുഹമ്മദ് ഹാജി ,, (എറിയാഡ്)
9. ,, കെ. എം. കുഞ്ഞബ്ദു , ,,
10. ,, എ. ഐ. അബ്ദുർറഹിമാൻ ,, ,,
11. ., പി, കൊച്ചുമൊയ്തീൻ ഹാജി ,, ,,
12. ,, കെ. സി. അഹമ്മദുണ്ണിഹാജി ,, ,,
13. ,, കെ. എം. ഇബ്രാഹിം ,, ബി. എ. (അഴീക്കോട്)

—3—

14. ജ: പി. എ. ആലുമൌലവി സാഹിബ് (മാടവന)
15. ,, പി. അഹമ്മദുണ്ണി ,, (പതിനെട്ടരയാളം)
16. ,, മുഹമ്മദ്ശെരൂൽ ,, (പാട്ലർ) S. K.
17. ,, സി. എച്ച്. കുഞ്ഞിക്കലന്തൻ ,, (കലനാട്)
18. ,, മൌലവിഅറബിശംനാട് ,, (കാസ്രഗോഡ്)
19. ,, ടി. കെ. മൌലവി ,, (പാന്തൂർ)
20 ,, ഹാജിഅബ്ദുസ്സത്താർഹാജി ഇസ്ഹാക്ക് ,, (തലശ്ശേരി)
21. ,, എം. സി, സി, അബ്ദുർറഹമാൻമൌലവി ,, (പരപ്പനങ്ങാടി)
22. ,, കെ സെയ്തുഹമ്മദ്ഹാജി ,, (മതിലകം)
23. ,, പി. സി. എച്ച്. ആലിഹാജി ,, (മലപ്പുറം)
24. ,, പി. പി. ഉബൈദുല്ലാ മൌലവി ,, (പുളിക്കൽ)
25. ,, പി. കുഞ്ഞിക്കമ്മുട്ടി ,, (എറണാകുളം)
26. ,, പി. മുഹമ്മദ്മൊയ്തീൻ ,, (വടകര)
27. ,, കെ. എം മൌലവി ,, (തിരൂരങ്ങാടി )
28. ,, എസ്സ്. കോയസ്സൻ ,, (കണ്ടശ്ശാൻകടവ്)

വാർഷികയോഗാനന്തരം

യും സംഘവും കൊടുങ്ങല്ലൂരിൽ നടത്തിയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് സമാനമായി അദ്ദേഹത്തിന്റെ സഹപ്രവർത്തകനും ഐക്യസംഘത്തിന്റെ മുന്നണിപ്പോരാളിയുമായിരുന്ന മൗലവി ശെറൂൽ സാഹിബ് കാസർഗോഡ് ഉൾപ്പെടുന്ന തെക്കൻ കാനറ പ്രദേശങ്ങളിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി. ദേശീയസമര പ്രസ്ഥാനത്തിലും ശെറൂൽ സാഹിബ് സജീവമായിരുന്നു. ഇ.കെ.മൗലവിയുമായി ശക്തവും നിരന്തരവുമായ ബന്ധമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. ഇ.കെ.മൗലവിക്കു പുറമെ കെ.പി.കേശവമേനോൻ, കെ.മാധവൻ നായർ, യു.ഗോപാലമേനോൻ, അമ്പലക്കാട്ട് കരുണാകര മേനോൻ, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, കട്ടിലശ്ശേരി മുഹമ്മദ്കുട്ടി മൗലവി, കെ.എം. മൗലവി എന്നിവരുമായും ശെറൂൽ സാഹിബ് നിരന്തരം ബന്ധപ്പെട്ടിരുന്നു. അവരുടെ പ്രവർത്തനങ്ങൾക്ക് വിലപ്പെട്ട സംഭാവനകളും ശെറൂൽ സാഹിബ് നൽകുമായിരുന്നു. ദേശീയ സമരങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന 'മാതൃഭൂമി' ദിനപത്രത്തിന്റെ അക്കാലത്തെ സാരഥികളെയെല്ലാം നേരിൽ പോയി കണ്ട് പരിചയപ്പെടുകയും അവരുടെ ആശയങ്ങൾ നാട്ടിൽ പ്രചരിപ്പിക്കാൻ മുന്നിൽ നിൽക്കുകയും ചെയ്തിരുന്ന ദേശസ്നേഹി കൂടിയായിരുന്നു ശെറൂൽസാഹിബ്. അവരുമായി കത്തിടപാടുകൾ നടത്തുന്നത് അദ്ദേഹത്തിന്റെ പതിവായിരുന്നു.

മുസ്‌ലിം സമുദായ പരിഷ്കരണ പ്രസ്ഥാനമായ കേരള മുസ്‌ലിം ഐക്യസംഘം കൊടുങ്ങല്ലൂരിൽ പിറന്ന കാലം (1923) മുതൽ അതിന്റെ നേതാവായിരുന്നു ശെറൂൽ എന്ന് ഇ.കെ.മൗലവി എഴുതിയിട്ടുണ്ട്. കുട്ടികളെ സ്കൂളിലയക്കാത്ത രക്ഷിതാക്കളെ ബഹിഷ്കരിക്കണം എന്ന ശെറൂലിന്റെ ആഹ്വാനം അന്ന് കടുത്ത എതിർപ്പുയർത്തിയിരുന്നു. ശെറൂൽ കുടുംബമായിരുന്നു അന്ന് തെക്കൻ കനറയിലെ പല പള്ളികളുടെയും നടത്തിപ്പിന്റെ ചെലവു വഹിച്ചിരുന്നത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ആഹ്വാനത്തിന് ബലം കൂടുതലുണ്ടായിരുന്നു. ജമാഅത്ത് ബഹിഷ്കരണം ഭയന്നെങ്കിലും കുട്ടികളെ അക്ഷരം പഠിപ്പിക്കാനയക്കട്ടെ എന്ന ഉദ്ദേശ്യമെ ശെറൂലിനുണ്ടായിരുന്നുള്ളൂ.

വടക്കേ മലബാറിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ മുഴുകി മലയാളം പ്രചരിപ്പിക്കാനും ശെറൂൽ സാഹിബ് മുൻകൈയെടുത്തു. 1922ൽ അദ്ദേഹം സ്വന്തം ഗ്രാമമായ അംഗടിമുഗറിൽ സ്ഥാപിച്ച എയ്ഡഡ് സ്കൂൾ പഴയ കാസർകോട് താലൂക്കിലെ ആദ്യ മലയാളംസ്കൂളുകളിൽ ഒന്നാണ്. 1926ൽ ഫിഷറീസ് വകുപ്പിനെക്കൊണ്ട് ഒരു സ്കൂൾ സ്ഥാപിക്കാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു. കവി ടി. ഉബൈദായിരുന്നു അവിടത്തെ ആദ്യ അധ്യാപകൻ. ദേശീയപ്രസ്ഥാന നേതാക്കളുമായി നിരന്തരം ബന്ധപ്പെട്ടിരുന്ന ശെറൂൽ കോൺഗ്രസ് പ്രവർത്തകസമിതി അംഗവുമായിരുന്നു.[24]

### അനാചാരങ്ങൾക്കെതിരെ

ജനങ്ങളെ ക്വുർആനിലേക്കും സുന്നത്തിലേക്കും ക്ഷണിക്കുന്നതിനു പുറമെ, അനാചാരങ്ങളെ സദുപദേശങ്ങളിലൂടെ തടയുവാനാണ് ഐക്യസംഘം ശ്രമിച്ചത്. ഇസ്‌ലാമിന്റെ പ്രമാണങ്ങളായ പരിശുദ്ധ ക്വുർആനിന്റെയും തിരുസുന്നത്തിന്റെയും ആശയാദർശങ്ങൾക്കും ആഹ്വാനങ്ങൾക്കും തീർത്തും വിരുദ്ധമായിരുന്ന ശിർക്കിന്റെ തടിച്ച രൂപങ്ങളുടെ പ്രത്യക്ഷ പ്രകടനവും ഹറാമുകളുടെ കൂത്തരങ്ങുകളുമായിരുന്ന ചന്ദനക്കുടം, കൊടികുത്ത് നേർച്ച, റാത്തീബ്, മാല, മൗലൂദ് മുതലായ അനാചാരങ്ങളെ പ്രമാണങ്ങളുടെ വെളിച്ചത്തിൽ ശക്തിയുക്തം എതിർക്കാനും ഐക്യസംഘം നേതാക്കൾ പരിശ്രമിച്ചു. ഈ പരിശ്രമത്തിൽ ഇ.കെ.മൗലവി സംഘത്തിന്റെ മുന്നണിയിൽതന്നെ ഉണ്ടായിരുന്നു.

പൊന്നാനി താലൂക്കിലെ സായ്പിന്റെ പള്ളിയിലെ ചന്ദ



സംഘടന അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും പരസ്യമായി എതിർക്കാൻ തുടങ്ങിയപ്പോൾ അവയെ പൂവിട്ടു പൂജിക്കുന്ന യാഥാസ്ഥിതിക വർഗത്തിന്റെ എതിർപ്പുകൾ പൂർവാധികം ശക്തിപ്പെടുകയും അതിരൂക്ഷമായിത്തീരുക യും ചെയ്തു. ഐക്യസംഘത്തെയും അതിന്റെ പ്രവർത്തക രെയും എതിർക്കാൻ തങ്ങളുടെ പക്കലുണ്ടായിരുന്ന ആവനാ ഴിയിലെ മുഴുവൻ അസ്ത്രങ്ങളും അവർ പ്രയോഗിച്ചുതുടങ്ങി. എന്നാൽ ഇതൊന്നും ഐക്യസംഘം പ്രവർത്തകരെ പിന്തിരിപ്പി ക്കുകയോ തളർത്തുകയോ ചെയ്തില്ലെന്നു മാത്രമല്ല അവരെ പൂർവോപരി ദൃഢചിത്തരും കർമനിരതരുമാക്കി ത്തീർക്കുകയാണ് ചെയ്തത്.

നക്കുടം നേർച്ച തൽക്കാലം നിർത്തിവെക്കാൻ സംഘത്തിന്റെ പ്രവർത്തനങ്ങൾമൂലം സാധിച്ചു. ചാവക്കാട്ടെ മണത്തല ഐദ്രുട്ടി മൂപ്പന്റെ ജാറത്തിൽ നടത്തിവരാറുള്ള കൊടികുത്ത് തടയുവാനുള്ള ശ്രമം തുടങ്ങിയതോടെ കൊടികുത്ത്, ചന്ദനക്കുടം മുതലായവ ജാഇസാണെന്നു മാത്രമല്ല, അവ ദീനിൽ ആവശ്യമാണെന്നുകൂടി വിധി കൽപിച്ചുകൊണ്ടുള്ള പണ്ഡിതരുടെ 'ഫത്വ'കൾ പുറത്തുവന്നു. കൊടികുത്തിന്റെ ദോഷഭാഗങ്ങളെക്കുറിച്ചു പ്രസംഗിക്കാൻ ചെന്ന ഇ.കെ.മൗലവിയെയും സംഘത്തെയും അയ്യായിരത്തോളം വരുന്ന ജനക്കൂട്ടം വന്നു വളഞ്ഞു. എന്നാൽ അവരുടെ ദ്രോഹത്തിൽനിന്നും അല്ലാഹു ആ നേതാക്കളെ രക്ഷപ്പെടുത്തി. ആ ശ്രമത്തിന് പൂർണഫലം കിട്ടിയില്ലെങ്കിലും അവർക്ക് നിരാശരാകേണ്ടിവന്നില്ല. മണത്തല കൊടികുത്തിന്റെ ജീവനും അതിന്റെ ഏറ്റവും വലിയ സാമ്പത്തിക സഹായിയുമായിരുന്ന ബീരാവു സ്വാഹിബ് അതിൽനിന്ന് പിന്മാറുകയും ഐക്യസംഘത്തോടൊപ്പം ചേരുകയും ചെയ്തു. അതോടെ ആ കൂത്താട്ടത്തിന്റെ ശക്തി ക്ഷയിക്കുകയും ചെയ്തു.

സാഹിബിന്റെ പള്ളി, മണത്തലപ്പള്ളി എന്നിവിടങ്ങളിലെചന്ദനക്കുടം നേർച്ചയും കൊടികുത്തുമെല്ലാം നിർത്തലാക്കാനുള്ള സംഘത്തിന്റെ ശ്രമങ്ങളെ ഉൾക്കൊള്ളാൻ യാഥാസ്ഥിതിക മുസ്‌ലിംകൾക്കായിരുന്നില്ല. ചന്ദനക്കുടം നേർച്ച, കൊടികുത്ത് തുടങ്ങിയവയെ നിശിതമായി എതിർത്ത സംഘത്തിനെതിരെ ഒരു വിഭാഗം മുസ്‌ലിംകൾ വിമർശനങ്ങളഴിച്ചുവിട്ടു. ഇവയുടെ ഫലമായി ഒരു ഭാഗത്ത് ഐക്യസംഘം കൂടുതൽ ജനകീയമായി മാറുകയും മറുവശത്ത് യാഥാസ്ഥിതിക വിഭാഗം സംഘത്തിനെതിരെ വിദ്വേഷം ജനിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു.

ജനകീയത പ്രേരകശക്തിയാക്കി മാറ്റിയും ജനവിദ്വേഷം പരിഹരിച്ചും ഐക്യസംഘം മുന്നോട്ട് നീങ്ങി. ഐക്യസംഘത്തിന്റെ ഓരോ വിജയവും യാഥാസ്ഥിതിക കോമരങ്ങളെ കലിതുള്ളിച്ചുവെന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ. സംഘടന അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും പരസ്യമായി എതിർക്കാൻ തുടങ്ങിയപ്പോൾ അവയെ പൂവിട്ടു പൂജിക്കുന്ന യാഥാസ്ഥിതിക വർഗത്തിന്റെ എതിർപ്പുകൾ പൂർവാധികം ശക്തിപ്പെടുകയും അതിരൂക്ഷമായിത്തീരുകയും ചെയ്തു. ഐക്യസംഘത്തെയും അതിന്റെ പ്രവർത്തകരെയും എതിർക്കാൻ തങ്ങളുടെ പക്കലുണ്ടായിരുന്ന ആവനാഴിയിലെ മുഴുവൻ അസ്ത്രങ്ങളും അവർ പ്രയോഗിച്ചുതുടങ്ങി. എന്നാൽ ഇതൊന്നും ഐക്യസംഘം പ്രവർത്തകരെ പിന്തിരിപ്പിക്കുകയോ തളർത്തുകയോ ചെയ്തില്ലെന്നു മാത്രമല്ല അവരെ പൂർവോപരി ദൃഢചിത്തരും കർമനിരതരുമാക്കിത്തീർക്കുകയാണ് ചെയ്തത്. യാഥാസ്ഥിതിക പൗരോഹിത്യത്തിന്റെയും അവരുടെ പ്രേരണയാൽ എന്തും ചെയ്യാൻ തയ്യാറായി നിന്ന സാധാരണ മുസ്‌ലിംകളുടെയും കഠിനമായ എതിർപ്പുകളെ നേരിട്ടുകൊണ്ടാണ് സമുദായോദ്ധാരണത്തിനായി ഐക്യസംഘത്തിന്റെ നേതാക്കൾ രംഗത്തിറങ്ങിയത്.

അവലംബം:

*24. മാതൃഭൂമി ദിനപത്രം 06/05/2022*

റാഷിദ ബിൻത് ഉസ്മാൻ



# ബാസിമിന്റെ സന്മനസ്സ്

ബാസിം ഒരു നല്ല കുട്ടിയാണ്. അവന്റെ പിതാവ് നാട്ടിലെ വലിയ സമ്പന്നനാണ്. അതിനാൽ അവൻ എന്ത് ആവശ്യപ്പെട്ടാലും അവന്റെ പിതാവ് അത് നിർവഹിച്ചുകൊടുക്കും. എന്നാൽ അതിന്റെ പേരിൽ അവൻ അഹങ്കാരം നടിച്ചിരുന്നില്ല. പാവങ്ങളുടെ പ്രയാസങ്ങൾ മനസ്സിലാക്കിയിരുന്ന, അവർ എങ്ങനെ ജീവിക്കുന്നു എന്ന് അറിയാമായിരുന്ന കുട്ടിയാണ് ബാസിം. മദ്റസയിൽ അവന്റെ കൂടെ പഠിക്കുന്ന കുട്ടികളിൽ അധികവും പാവങ്ങളായിരുന്നു.

ഫുട്ബോൾ കളിയിൽ തൽപരനായിരുന്ന ബാസിം ഒരു ദിവസം കളിക്കാൻ പോകുമ്പോൾ ഒരു നായ അവനെ പിന്തുടർന്നു. കടിക്കാനായി കുരച്ച് വരുന്ന നായയിൽനിന്ന് രക്ഷപ്പെടുവാനായി പേടിച്ചുവിറച്ചുകൊണ്ട് അതിവേഗത്തിൽ അവൻ ഓടി. എന്നാൽ നായയുണ്ടോ വിടുന്നു. ഒരു ഇടുങ്ങിയ ഇടവഴിയിൽ വെച്ച് നായ അവന്റെ വസ്ത്രത്തിൽ കടിക്കുകയും ഒരു കല്ലിൽ തട്ടി അവൻ വീഴുകയും ചെയ്തത് ഒരുമിച്ചായിരുന്നു.

പിന്നെ ഒന്നും അവന് ഓർമയില്ല. കുറെ സമയം കഴിഞ്ഞാണ് ബോധം വന്നത്. കണ്ണു തുറന്നപ്പോൾ മുന്നിൽ കണ്ടത് സമപ്രായക്കാരനായ ഒരു ബാലനെയും അവന്റെ മാതാവിനെയുമാണ്. അവൻ ബാസിമിന്റെ കൂടെ മദ്റസയിൽ പഠിക്കുന്നവനായിരുന്നു. മാതാവ് അവന്റെ മുറിവിൽ മരുന്ന് തേച്ചു കൊടുക്കുകയാണ്. ബാസിമിനെ നായയിൽനിന്നും കടികൊള്ളാതെ രക്ഷിച്ചത് അവരായിരുന്നു. അവരുടെ വീട്ടിലാണ് അവനിപ്പോൾ കിടക്കുന്നത്.

ബാസിം പതുക്കെ എഴുന്നേറ്റിരുന്നു. അവൻ വീടിനുള്ളിലേക്ക് ആകമാനം കണ്ണോടിച്ചു. ചെറിയൊരു വീട്. വിലകൂടിയതും മുന്തിയ തുമായ ഒന്നും വീട്ടിൽ കാണാനില്ല. വളരെ പാവപ്പെട്ടവരുടെ വീടാണതെന്ന് അവന് മനസ്സിലായി.

“നീ ഓടി വീഴുന്നത് ഉമ്മയാ ആദ്യം കണ്ടത്?” അജ്മൽ പറഞ്ഞു.

“നായ എന്നെ കടിച്ചുപറിക്കുമെന്ന് ഞാൻ ഉറപ്പിച്ചതാ” ബാസിം ചിരിച്ചുകൊണ്ട് പറഞ്ഞു.

കുറച്ചു കഴിഞ്ഞപ്പോൾ ബാസിം പോകാനൊരുങ്ങി. ഭക്ഷണം കഴിച്ചിട്ടാകാമെന്ന് അവർ നിർബന്ധിച്ചു. അവൻ അവരുടെ കൂടെ ഭക്ഷണം കഴിച്ചു. മുന്തിയ തരം ഭക്ഷണം മാത്രം കഴിച്ച് പരിചയിച്ച ബാസിം അവർ നൽകിയ ഭക്ഷണം കഴിക്കാൻ നന്നേ പ്രയാസപ്പെട്ടു. എങ്കിലും അവൻ അത് പുറത്തു കാണിക്കാതെ എല്ലാം തിന്നുതീർത്തു.

തനിച്ചു പോകേണ്ട എന്നു പറഞ്ഞ് അജ്മലിന്റെ ഉമ്മയും അജ്മലും കുറച്ചു ദൂരം അവന്റെ കൂടെ പോയി. അവർ സലാം പറഞ്ഞു പിരിഞ്ഞു.

ബാസിം വീട്ടിൽ ചെന്ന ശേഷം സംഭവിച്ചതെല്ലാം അവന്റെ വീട്ടിൽ അറിയിച്ചു. കാലിലെ മുറിവ് മാറിയശേഷം ഒരു ദിവസം അവന്റെ ഉമ്മ കൊതിയൂറുന്ന ഭക്ഷണമുണ്ടാക്കി ബാസിമിനോട് അത് അജ്മലിന്റെ വീട്ടിൽ എത്തിക്കാൻ പറഞ്ഞു. അവന് വളരെ സന്തോഷമായി.

അജ്മലിന്റെ വീടിനു മുന്നിലുള്ള വഴിയിലൂടെ കാറിന് പോകാൻ കഴിയില്ല. അത് വളരെ വീതി കുറഞ്ഞതാണ്. അതിനാൽ കുറച്ചകലെ കാർ നിർത്തി. ഞാൻ ഇപ്പോൾ വരാം എന്ന് ഡ്രൈവറോടു പറഞ്ഞ് ഭക്ഷണവുമായി ബാസിം അജ്മലിന്റെ വീട്ടിലേക്ക് നടന്നു.

അവിടെ അജ്മലിന്റെ ഉപ്പയും ഉമ്മയും അജ്മലുമുണ്ടായിരുന്നു. അവർക്ക് ബാസിമിന്റെ പ്രവൃത്തിയിൽ അത്ഭുതവും സന്തോഷവും തോന്നി. അവരുടെ കൂടെ അവരിലൊരാളായി ഇരുന്ന് അവനും ഭക്ഷണം കഴിച്ചു. അങ്ങനെ വളരെ സന്തോഷത്തോടെ ബാസിം തിരിച്ചുപോയി.

■

# സൂറ: സ്വാഫ്ഫാത്ത്

(മക്കയിൽ അവതരിച്ചത്)

അധ്യായം 37

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

55. എന്നിട്ട് അദ്ദേഹം എത്തിനോക്കും. അപ്പോൾ അദ്ദേഹം അവനെ നരകത്തിന്റെ മധ്യത്തിൽ കാണും.
56. അദ്ദേഹം (അവനോട്) പറയും: അല്ലാഹുവെ തന്നെയാണെ! നീ എന്നെ നാശത്തിൽ അകപ്പെടുത്തുക തന്നെ ചെയ്തേക്കുമായിരുന്നു.
57. എന്റെ രക്ഷിതാവിന്റെ അനുഗ്രഹം ഇല്ലായിരുന്നുവെങ്കിൽ (ആ നരകത്തിൽ) ഹാജരാക്കപ്പെടുന്നവരിൽ ഞാനും ഉൾപെടുമായിരുന്നു.
58. (സ്വർഗവാസികൾ പറയും:) ഇനി നാം മരണപ്പെടുന്നവരല്ലല്ലോ;
59. നമ്മുടെ ആദ്യത്തെ മരണമല്ലാതെ. നാം ശിക്ഷിക്കപ്പെടുന്നവരുമല്ല.
60. തീർച്ചയായും ഇതുതന്നെയാണ് മഹത്തായ ഭാഗ്യം.
61. ഇതുപോലെയുള്ളതിന് വേണ്ടിയാകട്ടെ പ്രവർത്തകൻമാർ പ്രവർത്തിക്കുന്നത്.
62. അതാണോ വിശിഷ്ടമായ സൽക്കാരം? അതല്ല സഖ്വൂം വൃക്ഷമാണോ?
63. തീർച്ചയായും അതിനെ നാം അക്രമകാരികൾക്ക് ഒരു പരീക്ഷണമാക്കിയിരിക്കുന്നു.
64. നരകത്തിന്റെ അടിയിൽ മുളച്ചുപൊങ്ങുന്ന ഒരു വൃക്ഷമത്രെ അത്.
65. അതിന്റെ കുല പിശാചുക്കളുടെ തലകൾ പോലെയിരിക്കും.
66. തീർച്ചയായും അവർ അതിൽനിന്ന് തിന്ന് വയറ് നിറക്കുന്നവരായിരിക്കും.

فَٱطَّلَعَ فَرَءَاهُ فِى سَوَآءِ ٱلْجَحِيمِ ﴿٥٥﴾

قَالَ تَٱللَّهِ إِن كِدتَّ لَتُرْدِينِ ﴿٥٦﴾

وَلَوْلَا نِعْمَةُ رَبِّى لَكُنتُ مِنَ ٱلْمُحْضَرِينَ ﴿٥٧﴾

أَفَمَا نَحْنُ بِمَيِّتِينَ ﴿٥٨﴾

إِلَّا مَوْتَتَنَا ٱلْأُولَىٰ وَمَا نَحْنُ بِمُعَذَّبِينَ ﴿٥٩﴾

إِنَّ هَٰذَا لَهُوَ ٱلْفَوْزُ ٱلْعَظِيمُ ﴿٦٠﴾

لِمِثْلِ هَٰذَا فَلْيَعْمَلِ ٱلْعَٰمِلُونَ ﴿٦١﴾

أَذَٰلِكَ خَيْرٌ نُّزُلًا أَمْ شَجَرَةُ ٱلزَّقُّومِ ﴿٦٢﴾

إِنَّا جَعَلْنَٰهَا فِتْنَةً لِّلظَّٰلِمِينَ ﴿٦٣﴾

إِنَّهَا شَجَرَةٌ تَخْرُجُ فِىٓ أَصْلِ ٱلْجَحِيمِ ﴿٦٤﴾

طَلْعُهَا كَأَنَّهُۥ رُءُوسُ ٱلشَّيَٰطِينِ ﴿٦٥﴾

فَإِنَّهُمْ لَءَاكِلُونَ مِنْهَا فَمَالِـُٔونَ مِنْهَا ٱلْبُطُونَ ﴿٦٦﴾

55. സ്വർഗക്കാരെ കാണുന്നത് പരസ്പര സന്തോഷത്തിലും യോജിപ്പിലുമാണ്. അവൻ പറയുന്നതിനോട് അവർ പ്രതികരിക്കുകയും അവന്റെ സുഹൃത്തിനെ നോക്കാൻ അവനോടൊപ്പം പോകുകയും ചെയ്യും. (എന്നിട്ട് അദ്ദേഹം എത്തിനോക്കും) തന്റെ കൂട്ടുകാരനെ അവൻ കാണും. (നരകത്തിന്റെ മധ്യത്തിൽ) നരക മധ്യത്തിൽ പീഡനത്തിന്റെ നടുവിൽ ശിക്ഷയാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു.

56. (അദ്ദേഹം അവനോട് പറയും): ഇഹലോകത്ത് വെച്ചുതന്നെ തെറ്റിദ്ധരിപ്പിക്കാനുള്ള സുഹൃത്തിന്റെ ശ്രമത്തിൽനിന്ന് അവനെ രക്ഷിച്ച അല്ലാഹുവിന് നന്ദി പറ

ഞ്ഞുകൊണ്ട് അവൻ പറയും: (നീ എന്നെ നാശത്തിൽ അകപ്പെടുത്തുകതന്നെ ചെയ്തേക്കാമായിരുന്നു) സംശയമുണ്ടാക്കുന്ന വാദങ്ങൾ ഉന്നയിച്ച് എന്നെ ആശയക്കുഴപ്പത്തിലാക്കാൻ ശ്രമിച്ചതിലൂടെ നിങ്ങൾ എന്നെ നശിപ്പിക്കുമായിരുന്നു.

57-59. (എന്റെ രക്ഷിതാവിന്റെ അനുഗ്രഹം ഇല്ലായിരുന്നുവെങ്കിൽ) അവനെന്നെ ഇസ്‌ലാമിൽ ഉറപ്പിച്ചു നിർത്തിയില്ലായിരുന്നുവെങ്കിൽ. (ഹാജറാക്കപ്പെടുന്നവരിൽ ഞാനും ഉൾപ്പെടുമായിരുന്നു) ശിക്ഷയിൽ നിന്നോടൊപ്പം. (-സ്വർഗവാസികൾ പറയും-നമ്മുടെ ആദ്യത്തെ മരണമല്ലാതെ ഇനി നാം മരണപ്പെടുന്നവരല്ലല്ലോ) സ്വർഗത്തിലുള്ളവർക്ക് അല്ലാഹു നൽകുന്ന അനുഗ്രഹത്തിൽ ആഹ്ലാദഭരിതനായി വിശ്വാസി പറയുന്നതാണിത്. അവരെന്നും സ്വർഗത്തിലാണെന്നതിനാലും ശിക്ഷയിൽനിന്ന് രക്ഷപ്പെട്ടവരാണെന്നതിനാലും. ചോദ്യരൂപത്തിൽ വന്നത് ഉറപ്പാക്കാൻ വേണ്ടിയാണ്.

وَأَقْبَلَ بَعْضُهُمْ عَلَىٰ بَعْضٍ يَتَسَاءَلُونَ ﴿٢٧﴾

അവരിൽ ചിലർ ചിലരുടെ നേരെ തിരിഞ്ഞ് പരസ്പരം ചോദിക്കും (37:27). ഇവിടെ ചോദ്യത്തിന്റെ വിഷയം പരാമർശിച്ചിട്ടില്ല. സന്ദർഭം സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയുമാണ്. ആസ്വാദ്യകരമായ എന്തും അവർ സംസാരിക്കും. അവർക്കിടയിൽ തർക്കങ്ങളും ആശയക്കുഴപ്പങ്ങളും ഉണ്ടാക്കിയ വിഷയങ്ങളും അവർ ചർച്ച ചെയ്യും.

അറിവുള്ള ആളുകൾ വിഷയങ്ങളെ കുറിച്ചുള്ള ചോദ്യങ്ങൾ ഉന്നയിക്കുന്നതിലും വിഷയങ്ങൾ അന്വേഷിച്ചു പഠിക്കുന്നതിലും ആനന്ദം കണ്ടെത്തുന്നു. ഇഹലോക വിഷയങ്ങൾ ചർച്ച ചെയ്യുന്നവർക്ക് കിട്ടുന്ന സന്തോഷത്തെക്കാളും വലിയ സന്തോഷമാണ് അവർക്ക് കിട്ടുന്നത്. ഇത്തരം സന്തോഷങ്ങളിൽ അവർക്ക് വലിയ താൽപര്യമുണ്ട്. വൈജ്ഞാനിക വിഷയങ്ങൾ ചർച്ച ചെയ്യുന്നതിലൂടെ അതവർ ആസ്വദിക്കുന്നു.

60. സ്വർഗത്തിലെ ആനന്ദത്തെ കുറിച്ച് പരാമർശിക്കുകയും മനോഹരമായി വർണിക്കുകയും പ്രശംസിക്കുകയും ചെയ്ത ശേഷം പ്രവർത്തിക്കുന്നവർക്ക് ആഗ്രഹവും പ്രവർത്തിക്കാൻ പ്രോത്സാഹനവും നൽകുന്നു. (തീർച്ചയായും ഇതു തന്നെയാണ് മഹത്തായ ഭാഗ്യം). അതിലൂടെ എല്ലാ നന്മയും അവർ കൈവരിച്ചു. ഹൃദയം ആഗ്രഹിക്കുന്നതെല്ലാം നേടിയെടുത്തു. അനിഷ്ടകരമായും ഭയപ്പെടുന്നതുമെല്ലാം വിട്ടൊഴിഞ്ഞു. ഇതിലുപരി ഒരു വിജയമുണ്ടോ? അതോ ഇത് പരമമായ ലക്ഷ്യമോ അന്തിമ വിജയമോ? ആകാശത്തിലും ഭൂമിയിലും അവരുടെ മേൽ രക്ഷിതാവിന്റെ തൃപ്തിയിറങ്ങി. അവന്റെ സാമീപ്യത്താൽ അവർ സന്തുഷ്ടരായി. അവന്റെ അടുത്തായിരിക്കുകയും അവനെ അറിയുകയും കാണുകയും കേൾക്കുകയും ചെയ്യുന്നതിലൂടെ അവർ സന്തോഷമനുഭവിക്കുന്നു. അവന്റെ വാക്കുകൾ അവരെ ആനന്ദിപ്പിക്കുന്നു.

61. (ഇതുപോലെയുള്ളതിനാവട്ടെ, പ്രവർത്തകന്മാർ പ്രവർത്തിക്കുന്നത്). ഏറ്റവും വിലപ്പെട്ടത് ചെലവഴിക്കാൻ. ഏറ്റവും അർഹതപ്പെട്ടത് ഇതിലാണ്. ബുദ്ധിയുള്ളവരും അറിവുള്ളവരും ഒരുങ്ങി പുറപ്പെടേണ്ട രംഗം. സമയം കടന്നുപോകാൻ അനുവദിച്ചാൽ ഖേദിക്കും; സ്വർഗത്തിൽ എത്തിക്കുന്ന പ്രവർത്തനങ്ങളിൽ വ്യാപൃതനാകാതെ. എന്നാൽ തിന്മയിൽ നാശത്തിന്റെ ഭവനത്തിലേക്കു സഞ്ചരിക്കുക കൂടിയാണെങ്കിലോ?

62,63. (അതാണോ വിശിഷ്ടമായ സൽക്കാരം?) സ്വർഗക്കാർക്ക് ലഭിക്കുമെന്ന് പറഞ്ഞ ഈ സുഖാനുഗ്രഹങ്ങളാണോ നല്ലത്, അതല്ല നരകത്തിലെ കഠിന ശിക്ഷയോ? എല്ലാ വിധത്തിലുമുള്ള ശിക്ഷകൾ. രണ്ടിലേത് ഭക്ഷണമാണ് ഉത്തമം? സ്വർഗക്കാരുടെതോ നരകക്കാരുടെതോ? (അതല്ല, സഖൂം വൃക്ഷമാണോ? തീർച്ചയായും അതിനെ നാം ഒരു പരീക്ഷണമാക്കിയിരിക്കുന്നു) ശിക്ഷയും പരീക്ഷണവും. (അക്രമകാരികൾക്ക് ) പാപവും നിഷേധവും മൂലം സ്വന്തത്തോട് അക്രമം ചെയ്തവർക്ക്.

64. (നരകത്തിന്റെ അടിയിൽ മുളച്ചുപൊങ്ങുന്ന ഒരു വൃക്ഷമത്രെ അത്). നരകത്തിന്റെ മധ്യത്തിൽ നിന്നാണ് അത് മുളക്കുന്നത്. അത് ഉൽപാദിപ്പിക്കുന്ന പദാർഥം ഏറ്റവും മോശമായതാണ്. ഇത് വളരുന്ന സ്ഥലത്തിന്റെ വൃത്തിഹീനത ചെടിയുടെ വൃത്തിഹീനതയെ അറിയിക്കുന്നു. അതിനാൽ അത് അവിടെയാണ് വളരുന്നതെന്ന് പറഞ്ഞുകൊണ്ട് അല്ലാഹു അതിന്റെ മ്ലേച്ഛതയെ ഉണർത്തുന്നു. അതിന്റെ ഫലങ്ങളെക്കുറിച്ച് പറയുന്നു.

65. (അതിന്റെ കുല പിശാചുക്കളുടെ തലകൾ പോലെയായിരിക്കും). ഇനി അതിന്റെ രുചിയെക്കുറിച്ചും അത് വയറിലെത്തിയാൽ ഉണ്ടാകാവുന്ന ദുരന്തങ്ങളെക്കുറിച്ചും ചോദിക്കേണ്ടതില്ലല്ലോ. അവർക്കതിൽ വേറെ ആഹാരമുണ്ടാകില്ല. അതു കഴിക്കുകയല്ലാതെ നിവൃത്തിയില്ല.

66. അതിനാൽ അല്ലാഹു പറയുന്നു: (തീർച്ചയായും അവർ അതിൽ നിന്ന് വയർ നിറക്കുന്നവരായിരിക്കും). ഇത് നരകാവകാശികളുടെ ഭക്ഷണമാണ്. അവരുടെ ഭക്ഷണം എത്ര ഭയാനകമായിരിക്കും. ■

വിവ. അബ്ദുൽ ജബ്ബാർ മദീനി

# മദീന സിയാറത്ത്

04

"മസ്ജിദുൽഹറാം, മസ്ജിദുർറസൂ ൽ(മദീനത്തെ പള്ളി), മസ്ജിദുൽ അകവ്സ്വാ എന്നീ മൂന്നു പള്ളികളിലേക്കല്ലാതെ മറ്റൊരിടത്തേക്കും തീർഥാടനം പാടുള്ളതല്ല."
"മസ്ജിദുൽഹറാമൊഴികെ മറ്റേതൊരു പള്ളിയിൽവെച്ചു നമസ്കരിക്കുന്നതിനെക്കാളും ആയിരം മടങ്ങു ശ്രേഷ്ഠമാണ് എന്റെ ഈ പള്ളിയിൽ നിർവഹിക്കുന്ന ഒരു നമസ്കാരം."
- മുഹമ്മദ് നബി(സ്വ)

വർഷത്തിൽ ഏതു സമയത്തും മസ്ജിദുന്നബവി സിയാറത്തു ചെയ്യലും അതിലേക്കു തീർഥാടനം നടത്തലും സുന്നത്താകുന്നു; അത് ഹജ്ജിനു മുമ്പായാലും ശേഷമായാലും ശരി. സിയാറത്തിന് ഒരു പ്രത്യേക സമയമില്ല. അത് ഹജ്ജിൽ ഉൾപ്പെടുകയുമില്ല. അത് ഹജ്ജിന്റെ ശർത്വുകളിൽ പെട്ടതോ അതിന്റെ നിർബന്ധകർമങ്ങളിൽ പെട്ടതോ അല്ല. എന്നാൽ ഹജ്ജു നിർവഹിക്കുന്നതിനു മുമ്പായാലും ശേഷമായാലും ഹജ്ജിനു വന്ന വ്യക്തി തിരുനബിയുടെ പള്ളി സന്ദർശിക്കൽ അനിവാര്യമാണ്; പ്രത്യേകിച്ച് ഈ സ്ഥലങ്ങളിലേക്ക് യാത്ര പ്രയാസകരമായവർക്ക്. ഹാജിമാർ മസ്ജിദുന്നബവിയിലൂടെ കടന്നുപോവുകയും അതിൽ നമസ്കരിക്കുകയും ചെയ്താൽ അതാണവർക്ക് സൗകര്യപ്രദവും അതിലാണവർക്ക് മഹത്തായ പ്ര തിഫലവും. അവർ രണ്ടു നന്മകളെ ശേഖരിച്ചു; ഹജ്ജു നിർവഹണവും മസ്ജിദുന്നബവിയിൽ നമസ്കരിക്കുവാനുള്ള സിയാറത്തും. മുമ്പുണർത്തിയതുപോലെ ഈ സിയാറത്ത് ഹജ്ജിനെ പൂർത്തീകരിക്കുന്ന കാര്യങ്ങളിൽപെട്ടതോ അതു ഹജ്ജിൽ ഉൾപ്പെട്ടതോ അല്ലെന്നത് ഇതോടൊപ്പം മനസ്സിലാക്കണം. സിയാറത്ത് കൂടാതെ തന്നെ ഹജ്ജ് പരിപൂർണമാണ്. ഹജ്ജും സിയാറത്തും തമ്മിൽ യാതൊരു ബന്ധവുമില്ല തന്നെ.

മസ്ജിദുന്നബവിയിലേക്കു യാത്ര കെട്ടിപ്പുറപ്പെടലും അവിടെ നമസ്കരിക്കലും മതവിധിയാണെന്നറിയിക്കുന്ന തെളിവുകൾ ധാരാളമാണ്:

1. തിരുനബി(സ്വ) പറഞ്ഞു: "മസ്ജിദുൽഹറാം, മസ്ജിദുർറസൂൽ(മദീനത്തെ പള്ളി), മസ്ജിദുൽ അക്സ്വാ എന്നീ മൂന്നു പള്ളികളി ലേക്കല്ലാതെ മറ്റൊരിടത്തേക്കും തീർഥാടനം പാടുള്ളതല്ല."



2. തിരുനബി(സ്വ) പറഞ്ഞു: "മസ്ജിദുൽഹറാമൊഴികെ മറ്റേതൊരു പള്ളിയിൽവെച്ചു നമസ്കരിക്കുന്നതിനെക്കാളും ആയിരം മടങ്ങു ശ്രേഷ്ഠമാണ് എന്റെ ഈ പള്ളിയിൽ നിർവഹിക്കുന്ന ഒരു നമസ്കാരം."

നമസ്കാരത്തിനുവേണ്ടി മസ്ജിദുന്നബവിയിലേക്കു യാത്രപുറപ്പെടൽ മതപരമാണെന്ന് ഈ പ്രമാണ വചനങ്ങൾ അറിയിക്കുന്നു. അവിടെ വെച്ചുള്ള നമസ്കാരത്തിന്റെ മഹത്ത്വത്താലും ഇരട്ടിച്ചുള്ള പ്രതിഫലത്താലുമാണത്. ഇബാദത്ത് ഉദ്ദേശിച്ച് ഈ മൂന്നു പള്ളികളല്ലാത്ത സ്ഥലങ്ങളിലേക്ക് തീർഥാടനം ഹറാമാണെന്നും ഈ പ്രമാണ വചനങ്ങൾ അറിയിക്കുന്നു. ഈ മൂന്നു പള്ളികളല്ലാതെ ലോകത്തിന്റെ ദിക്കുകളിൽ ഒരിടത്തേക്കും സിയാറത്തും യാത്രയും മതപരമല്ല. മസ്ജിദുന്നബവിയിൽ നമസ്കരിക്കുവാൻ മദീനയെ ലക്ഷ്യമാക്കൽ പുരുഷന്മാർക്കും സ്ത്രീകൾക്കും മതനിയമമാണ്. മുകളിൽ നൽകിയ തെളിവുകളുടെ പൊതുതാൽപര്യം അപ്രകാരം അറിയിക്കുന്നതിനാലാണത്.

സിയാറത്തിന്റെ രീതി: യാത്രക്കാരൻ പള്ളിയിലേക്കെത്തിയാൽ അതിൽ പ്രവേശിക്കുമ്പോൾ തന്റെ വലതുകാൽ മുന്തിക്കലും പള്ളിയിൽ പ്രവേശിക്കുമ്പോഴുള്ള പ്രാർഥന ചൊല്ലലും അവനു സുന്നത്താകുന്നു:

"അല്ലാഹുവിന്റെ നാമത്തിൽ ഞാൻ പ്രവേശിക്കുന്നു. അല്ലാഹുവിന്റെ ദൂതരിൽ സ്വലാത്തും സലാമും അല്ലാഹുവിൽനിന്നുണ്ടാകട്ടെ. അല്ലാഹുവേ, നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ നീ എനിക്കു തുറക്കേണമേ."

മസ്ജിദുന്നബവിക്കായി ഒരു പ്രത്യേക പ്രാർഥനയില്ല. പള്ളിയിൽ പ്രവേശിച്ചതിൽപിന്നെ പള്ളിയിൽ എവിടെ വെച്ചായാലും രണ്ടു റക്അത്ത് നമസ്കരിക്കുക. അതു റൗദയിൽ വെച്ചായാൽ ഏറ്റവും ശ്രേഷ്ഠമായി. നബി(സ്വ) പറഞ്ഞു:

"എന്റെ വീടിന്റെയും മിമ്പറിന്റെയും ഇടയിയിലുള്ളത് സ്വർഗത്തോപ്പുകളിൽ ഒരു തോപ്പാകുന്നു."

മഹത്തായ പ്രതിഫലവും കൂലിയും മോഹിച്ചുകൊണ്ട് നിർബന്ധ നമസ്കാരങ്ങൾ അഞ്ചും മസ്ജിദുന്നബവിയിൽ യഥാവിധം നിർവഹിക്കലും റൗദയിൽ ദിക്ർ, ദുആഅ്, സുന്നത്തു നമസ്കാരങ്ങൾ എന്നിവ വർധിപ്പിക്കലും മസ്ജിദുന്നബവി സന്ദർശിച്ചവനു അനിവാര്യമാണ്. എന്നാൽ സിയാറത്തു ചെയ്യുന്നവനും അല്ലാത്തവനും നിർബന്ധ നമസ്കാരങ്ങളിലേക്കു മുൻകടക്കുകയും കഴിയുന്നതും ഒന്നാം സ്വഫ്ഫ് ലഭിക്കുന്നതിനു കൂടുതൽ താൽപര്യം കാണിക്കുകയും ചെയ്യണം. കാരണം ഒന്നാമത്തെ സ്വഫ്ഫ് റൗദയെക്കാൾ മുന്നിലായാണുള്ളത്.

## ക്വബ്ർ സിയാറത്ത്

ഒരു മുസ്‌ലിം മസ്ജിദുന്നബ

വി സന്ദർശിച്ചാൽ തിരുനബിയുടെ ഖബ്ർ സിയാറത്തു ചെയ്യലും തിരുമേനിയുടെ കൂട്ടുകാരായ അബൂബക്ർ(റ), ഉമർ(റ) എന്നിവരുടെ ഖബ്റുകൾ സിയാറത്തു ചെയ്യലും സുന്നത്താകുന്നു. കാരണം അത് മസ്ജിദുന്നബവി സന്ദർശിക്കുന്നതിന്റെ തുടർച്ചയാണ്. അടിസ്ഥാന ഉദ്ദേശ്യമല്ല. മതപരമായ സിയാറത്ത് ഇതത്രെ. ഖബ്ർ സിയാറത്തിനായി തീർഥാടനം മതപരമല്ല. എന്നു മാത്രമല്ല, മസ്ജിദുൽഹറാം, മസ്ജിദുന്നബവി, മസ്ജിദുൽഅക്സ്വാ എന്നീ പള്ളികളല്ലാത്ത മറ്റു സ്ഥലങ്ങൾ സിയാറത്തു ചെയ്യുന്നതിനും നബിമാർ, സ്വാലിഹുകൾ എന്നിവരുടെ ഖബ്റുകൾ സിയാറത്തു ചെയ്യുന്നതിനും യാത്ര കെട്ടിപ്പുറപ്പെടൽ നിഷിദ്ധമാണെന്നതിൽ ഏകാഭിപ്രായമുണ്ട്. വല്ലവനും അപ്രകാരം ചെയ്താൽ അവന്റെ നിയ്യത്തിൽ അവൻ പാപിയും ലക്ഷ്യത്തിൽ അവൻ കുറ്റക്കാരനുമാകുന്നു. മൂന്നു പള്ളികളിലേക്കാണ് തീർഥാടനം എന്ന വിഷയത്തിൽ വന്ന ഹദീസിന്റെ താൽപര്യത്തിന് അവൻ എതിരാകുന്നതിനാലാണത്.

സിയാറത്തു ചെയ്യുന്ന രീതി: സിയാറത്തു ചെയ്യുന്നവൻ തിരുനബിയുടെ ഖബ്റിനു നേരെ അദബോടും ശബ്ദം താഴ്ത്തിയും നിൽക്കുകയാണു വേണ്ടത്. ശേഷം സലാം പറയുക.

തിരുനബി(സ്വ) പറഞ്ഞു: "എനിക്ക് സലാം പറയുന്ന ആരുമില്ല; അല്ലാഹു എന്റെ റൂഹ് എനിക്കു മടക്കിത്തരികയും ഞാൻ അവന്റെ സലാംമടക്കുകയും ചെയ്യാതെ."

സിയാറത്ത് ചെയ്യുന്നവൻ, "അല്ലാഹുവിന്റെ സൃഷ്ടികളിൽ ഉത്തമരേ, താങ്കളുടെ മേൽ അല്ലാഹുവിൽനിന്നുള്ള സമാധാനം പെയ്തിറങ്ങുമാറാകട്ടെ. അവിടുന്ന് രിസാലത്ത് (അല്ലാഹുവിന്റെ സന്ദേശം) എത്തിക്കുകയും അമാ

(തിരുദൂതരുടെ ക്വബ്റിടമുള്ള) ഹുജ്റയെ തടവുക, ചുംബിക്കുക, ത്വവാഫു ചെയ്യുക, ദുആ ചെയ്യുന്ന അവസരത്തിൽ അതിലേക്കു മുന്നിടുക എന്നതെല്ലാം സിയാറത്തു ചെയ്യുന്നവനും അല്ലാത്തവനും നിഷിദ്ധമാകുന്നു. ആവശ്യ നിർവഹണത്തിനും പ്രയാസ ദൂരീകരണത്തിനും രോഗശമനത്തിനും മറ്റും തിരുനബിയോടു ചോദിക്കലും നിഷിദ്ധമാകുന്നു. കാരണം ഇതെല്ലാം അല്ലാഹുവിനുള്ളതാകുന്നു. അവനോടല്ലാതെ അത് ആവശ്യപ്പെടാവതല്ല. തിരുനബിയുടെ ക്വബ്ർ സിയാറത്തു ചെയ്യലും തിരുമേനിയുടെ കൂട്ടുകാരായ അബൂബക്ർ(റ), ഉമർ(റ) എന്നിവരുടെ ക്വബ്ർ സിയാറത്തു ചെയ്യലും നിർബന്ധമല്ല. സാധാരണക്കാരായ ചില വിവരമില്ലാത്തവർ മനസ്സിലാക്കിയതുപോലെ അത് ഹജ്ജിന്റെ നിബന്ധനയുമല്ല.

നത്ത് നിർവഹിക്കുകയും ഉമ്മത്തിനെ ഉപദേശിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ യഥാവിധം ജിഹാദു ചെയ്യുകയും ചെയ്തിരിക്കുന്നുവെന്നതിനു ഞാൻ സാക്ഷിയാകുന്നു. അല്ലാഹുവേ, വസീലയും ഫദ്വീലയും തിരുമേനിക്കു കനിയേണമേ. നീ വാഗ്ദാനം ചെയ്ത മക്വാമുൻ മഹ്മൂദിലേക്കു (സ്തുത്യർഹമായ സ്ഥാനം) തിരുമേനിയെ ഉയിർത്തെഴുന്നേൽപിക്കേണമേ. ഉമ്മത്തിനെ തൊട്ട് അത്യുത്തമമായ പ്രതിഫലം നീ തിരുമേനിക്കു നൽകേണമേ" എന്നു ചൊല്ലിയാൽ അതിൽ കുഴപ്പമില്ല. അതിൽ പിന്നെ അബൂബക്ർ(റ), ഉമർ(റ) എന്നിവർക്കു സലാം പറയുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും കാരുണ്യത്തിനു തേടുകയും ചെയ്യുക.

(തിരുദൂതരുടെ ഖബ്റിടമുള്ള) ഹുജ്റയെ തടവുക, ചുംബിക്കുക, ത്വവാഫു ചെയ്യുക, ദുആ ചെയ്യുന്ന അവസരത്തിൽ അതിലേക്കു മുന്നിടുക എന്നതെല്ലാം സിയാറത്തു ചെയ്യുന്നവനും അല്ലാത്തവനും നിഷിദ്ധമാകുന്നു. ആവശ്യ നിർവഹണത്തിനും പ്രയാസദൂരീകരണത്തിനും രോഗശമനത്തിനും മറ്റും തിരുനബിയോടു ചോദിക്കലും നിഷിദ്ധമാകുന്നു. കാരണം ഇതെല്ലാം അല്ലാഹുവിനുള്ളതാകുന്നു. അവനോടല്ലാതെ അത് ആവശ്യപ്പെടാവതല്ല.

തിരുനബിയുടെ ഖബ്ർ സിയാറത്തു ചെയ്യലും തിരുമേനിയുടെ കൂട്ടുകാരായ അബൂബക്ർ(റ), ഉമർ(റ) എന്നിവരുടെ ഖബ്ർ സിയാറത്തു ചെയ്യലും നിർബന്ധമല്ല. സാധാരണക്കാരായ ചില വിവരമില്ലാത്തവർ മനസ്സിലാക്കിയതുപോലെ അത് ഹജ്ജിന്റെ നിബന്ധനയുമല്ല. പ്രത്യുത, മസ്ജിദുന്നബവി സന്ദർശിച്ചവർക്കു സുന്നത്തായ കാര്യമാകുന്നു. അതും ഹജ്ജും തമ്മിൽ ഒരിക്കലും യാതൊരു ബന്ധവുമില്ല.

തിരുമേനിയുടെ ഖബ്ർ സിയാറത്തിനായി യാത്രകെട്ടി പുറപ്പെടൽ മതപരമാണെന്നും അത് ഹജ്ജിന്റെ പൂർത്തീകരണത്തിൽ പെട്ടതാണെന്നും ജൽപിക്കുന്നവർ തെളിവു പിടിക്കുന്ന വിഷയത്തിൽ വന്ന ഹദീസുകൾ അടിസ്ഥാന രഹിതവും ബാലിശവുമാണ്. അവ ഒന്നുകിൽ ദുർബലമോ അല്ലെങ്കിൽ നിർമിതമോ ആണ്.



### സിയാറത്തു ചെയ്യപ്പെടേണ്ട മറ്റു സ്ഥലങ്ങൾ

മദീന സന്ദർശിക്കുന്നവൻ ആണാകട്ടെ പെണ്ണാകട്ടെ, വുദ്വൂഅ് ചെയ്തു മസ്ജിദുഖുബാഇലേക്കു പുറപ്പെടലും അവിടെ നമസ്കരിക്കലും സുന്നത്താകുന്നു. വാഹനത്തിലേറിയും കാൽനടയായും തിരുനബി(സ്വ) മസ്ജിദുഖുബാഅ് സന്ദർശിക്കുകയും അവിടെ രണ്ടു റക്അത്ത് നമസ്കരിക്കുകയും ചെയ്യുമായിരുന്നു. നബി(സ്വ) പറഞ്ഞു:

“വല്ലവനും തന്റെ വീട്ടിൽവെച്ചു ശുദ്ധിവരുത്തുകയും ശേഷം ഖുബാഅ് പള്ളിയിൽ വന്ന് അതിൽ ഒരു നമസ്കാരം നിർവഹിക്കുകയുമായാൽ അവനു ഒരു ഉംറ ചെയ്ത പ്രതിഫലമായി.”

ബഖീഇലെ ഖബ്റിടങ്ങളും ഉഹ്ദു ശുഹദാക്കളിൽ ഹംസ(റ)യുടെയും മറ്റും ഖബ്റിടങ്ങളും സന്ദർശിക്കൽ പുരുഷന്മാർക്കു സുന്നത്താകുന്നു. അവർക്കു സലാം ചൊല്ലുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുക. തിരുനബി(സ്വ) അവരെ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യാറുണ്ടായിരുന്നു. തിരുമൊഴിയുടെ പൊതുതാൽപര്യവും അറിയിക്കുന്നത് ഇതാണ്.

“നിങ്ങൾ ഖബ്റുകൾ സന്ദർശിക്കുക. അതു മരണത്തെ ഓർമിപ്പിക്കും.”

സിയാറത്തുചെയ്യൽ മതപരമാണെന്ന് പൊതുജനങ്ങൾ ധരിച്ചുവശായ മറ്റുചില സ്ഥലങ്ങളുണ്ട്. മബ്റകുന്നാഖ്വ (ഒട്ടകം മുട്ടുകുത്തിയ സ്ഥലം), മസ്ജിദുൽ ജുമുഅ, ഖാത്തം കിണർ, ബിഅ്റു ഉസ്മാൻ (റൂമാകിണർ), സബ്ഉ മസാജിദ്, മസ്ജിദുൽ ക്വിബ്‌ലതയ്ൻ പോലുള്ള സ്ഥലങ്ങൾ. ഇവ സിയാറത്തു ചെയ്യുന്നതിനു യാതൊരു അടിസ്ഥാനവുമില്ല. ഇവ സിയാറത്തു ചെയ്തതും ഇവ സിയാറത്തു ചെയ്യുവാൻ കൽപിച്ചതും തിരുനബിയിൽനിന്നു സ്ഥിരപ്പെട്ടിട്ടില്ല. സച്ചരിതരായ മുൻഗാമികളിൽ ഒരാളിൽനിന്നും ഇവ സന്ദർശിച്ചതു വന്നിട്ടില്ല.

ഖബ്റുകൾ സന്ദർശിക്കുകയായാൽ ഇപ്രകാരം പറയുവാൻ തിരുനബി സ്വഹാബികളെ പഠിപ്പിച്ചിരുന്നു:

“മുഅ്മിനുകളിൽനിന്നും മുസ്‌ലിംകളിൽനിന്നും ഈ ഭവനങ്ങളിലുള്ളവരേ, നിങ്ങളുടെമേൽ അല്ലാഹുവിൽനിന്ന് സമാധാനം പെയ്തിറങ്ങുമാറാകട്ടെ. ഇൻശാഅല്ലാഹ് നിശ്ചയം, ഞങ്ങളും നിങ്ങളിലേക്ക് വന്നുചേരുന്നവരാകുന്നു. നമുക്കും നിങ്ങൾക്കും സൗഖ്യത്തിനായി ഞാൻ അല്ലാഹുവോടു തേടുന്നു.”

മദീനയിൽ സിയാറത്തു ചെയ്യൽ നിയമമുള്ള സ്ഥലങ്ങൾ ഇവയാകുന്നു. എന്നാൽ, സിയാറത്തുചെയ്യൽ മതപരമാണെന്ന് പൊതുജനങ്ങൾ ധരിച്ചുവശായ മറ്റുചില സ്ഥലങ്ങളുണ്ട്. മബ്റകുന്നാഖ്വ (ഒട്ടകം മുട്ടുകുത്തിയ സ്ഥലം), മസ്ജിദുൽ ജുമുഅ, ഖാത്തം കിണർ, ബിഅ്റു ഉസ്മാൻ (റൂമാകിണർ), സബ്ഉ മസാജിദ്, മസ്ജിദുൽ ക്വിബ്‌ലതയ്ൻ പോലുള്ള സ്ഥലങ്ങൾ. ഇവ സിയാറത്തു ചെയ്യുന്നതിനു യാതൊരു അടിസ്ഥാനവുമില്ല. ഇവ സിയാറത്തു ചെയ്തതും ഇവ സിയാറത്തു ചെയ്യുവാൻ കൽപിച്ചതും തിരുനബിയിൽനിന്നു സ്ഥിരപ്പെട്ടിട്ടില്ല. സച്ചരിതരായ മുൻഗാമികളിൽ ഒരാളിൽനിന്നും ഇവ സന്ദർശിച്ചതു വന്നിട്ടില്ല. മദീനയിൽ മസ്ജിദുന്നബവിക്കും മസ്ജിദു ഖുബാഇനുമല്ലാതെ പ്രത്യേകമായ യാതൊരു ശ്രേഷ്ഠതയുമില്ല. തിരുനബി(സ്വ) ഇപ്രകാരം പറഞ്ഞിരിക്കുന്നു:

“വല്ലവനും നമ്മുടെ കൽപനയില്ലാത്ത ഒരു കർമം ചെയ്താൽ അതു തള്ളപ്പെടേണ്ടതാണ്.”

*(ഒരു സംഘം പണ്ഡിതന്മാർ രചിച്ച ‘അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന’ എന്ന ഗ്രന്ഥത്തിൽനിന്നുമെടുത്തത്)*

ചെറുകഥ

ജൗഹറ ഇസ്മാഈൽ
തിരുവനന്തപുരം



# തിരിച്ചറിവ്

“ഉമ്മയുടെ പ്രാർഥനയക്കും സ്നേഹത്തിനും മുന്നിൽ പകരം വയ്ക്കാൻ ഈ ലോകത്ത് ഒന്നുംതന്നെയില്ല. ചില അപകടങ്ങളിൽനിന്നും രക്ഷപ്പെടുന്നതിന് കാരണം ഒരുപക്ഷേ, ഉമ്മയുടെ ആത്മാർഥമായ പ്രാർഥനയായിരിക്കാം. എന്നാൽ, ഒരു മാതാവിന് തന്റെ കുഞ്ഞിനോടുള്ള കരുണയെക്കാളും സ്നേഹത്തേക്കാളും എത്രയോ ഇരട്ടി കരുണയും സ്നേഹവും അല്ലാഹുവിന് അവന്റെ അനുസരണയുള്ള അടിമകളോടുണ്ട്.”

ഇല്യാസ് വീട്ടിൽനിന്നും തിരക്കിട്ട് ഇറങ്ങി. ഉമ്മയോട് യാത്രപോലും പറഞ്ഞില്ല. കോളേജിൽ എത്തേണ്ട സമയം വളരെ വൈകി. ഇന്നാണെങ്കിൽ കോളേജിൽ ഒരു ഫംഗ്ഷനും ഉള്ളതാണ്. അവൻ വീടിന്റെ കോമ്പൗണ്ട് കടന്ന് കുറച്ചു നടന്നപ്പോൾ ഉമ്മ ഫോണിൽ വിളിച്ചു. അവൻ ഉമ്മയോട് ദേഷ്യപ്പെട്ടു സംസാരിച്ച് കോൾ കട്ട് ചെയ്തു, വിളിച്ചതെന്തിന് എന്നു പറയാൻ പോലും അവൻ ഉമ്മാക്ക് സമയം കൊടുത്തില്ല.

റോഡിൽ കാർ പാർക്ക് ചെയ്ത ഇടത്തെത്തിയപ്പോഴാണ് കാറിന്റെ താക്കോൽ എടുത്തിട്ടില്ല എന്ന് മനസ്സിലായത്. ഉമ്മ അതു തരാനായിരിക്കും തന്നെ വിളിച്ചത് എന്ന് ഇല്യാസ് ഊഹിച്ചു. അന്നേരം അതുവഴി വന്ന അയൽവാസിയായ നാസർ കാറിന്റെ കീ അവന്റെ

കയ്യിൽ കൊടുത്തു. അയാളോട് ഒന്നു ചിരിക്കാൻ പോലും മനസ്സു കാണിക്കാതെ അവൻ കാറിൽ കയറി.

അവൻ കാർ സ്പീഡിൽ ഡ്രൈവ് ചെയ്തു. പെട്ടെന്ന് സിഗ്നലിൽ റെഡ് ലൈറ്റ് വീണു. അവൻ വണ്ടി നിർത്തി. ഗ്രീൻ ലൈറ്റ് തെളിഞ്ഞു, പോകാനൊരുങ്ങി. അന്നേരം തികച്ചും അപ്രതീക്ഷിതമായി അവിടെ ഒരു കാറും ബൈക്കും കൂട്ടിയിടിച്ചു. അതോടെ ബ്ലോക്കിൽ അകപ്പെട്ടു. അതിൽ ദേഷ്യം വന്ന ഇല്യാസ് നിർത്താതെ ഹോൺ അടിച്ചുകൊണ്ടിരുന്നു. സമയം 11.45 കഴിഞ്ഞു. ഇനി കോളേജിലേക്ക് പോകുന്നില്ല എന്ന് അവൻ തീരുമാനിച്ചു.

ബ്ലോക്കിൽനിന്ന് ഒരുവിധം രക്ഷപ്പെട്ട് എങ്ങോട്ടു പോകുമെന്നാലോചിച്ച് വണ്ടിയോടിക്കവെ ജംഗ്ഷനിൽവച്ച് സുഹൃത്തായ സുനീറിനെ കണ്ടു. ഇല്യാസിനെ കണ്ടപാടെ സുനീർ പറഞ്ഞു: ‘അളിയാ... എന്തേ ഇന്ന് കോളേജിൽ ലീവാണോ? ഞങ്ങൾ ഇന്ന് ഒരു ഫംഗ്ഷൻ പ്ലാൻ ചെയ്തിട്ടുണ്ട്. നിനക്ക് വരാൻ പറ്റില്ല എന്ന് കരുതിയതുകൊണ്ടാണ് അറിയിക്കാതിരുന്നത്. എന്തായാലും നീയും എത്തണം.”

“ഇന്ന് നേരം വൈകിപ്പോയി, അതുകൊണ്ടാ കോളേജിൽ പോകാതിരുന്നത്. അതിരിക്കട്ടെ, എന്ത് പാർട്ടിയാ പ്ലാൻ ചെയ്തിരിക്കുന്നത്? എവിടെ വെച്ചാണ്?” ഇല്യാസ് ചോദിച്ചു.

“നീ ഇന്ന് വൈകുന്നേരം നാലുമണിക്ക് നമ്മുടെ റിയാസിന്റെ വീട്ടിലേക്ക് വാ, എല്ലാം അവിടെവെച്ച് പറയാം.”

“എന്നാൽ ശരി, നാലുമണിക്ക് കാണാം.”

കോളേജിലേക്ക് പോകാതെ വീട്ടിലേക്ക് മടങ്ങി വന്ന മകനോട് ഉമ്മ ചോദിച്ചു: “എന്തുപറ്റി മോനേ, ഇന്നെന്താ ക്ലാസില്ലേ?”

അവൻ മറുപടിയൊന്നും പറയാതെ മുകളിലേക്ക് കയറിപ്പോയി.

“വാ മോനേ... നേരം ഉച്ചയായില്ലേ, വന്ന് ചോറു കഴിക്ക്. രാവിലെ ഒന്നും തിന്നാതെ പോയതല്ലേ.”

ഇല്യാസ് അതിനൊന്നും മറുപടി നൽകിയില്ല. അവൻ മുറിയിലെത്തി വാച്ചും ഫോണും ബാഗും ടേബിളിൽ വച്ചു. വാതിലടച്ച് ഫാനിട്ട് കട്ടിലിൽ കിടന്നു. അപ്പോഴും ‘മോനേ, വന്നു ഭക്ഷണം കഴിക്കൂ’ എന്ന് ഉമ്മ പറയുന്നുണ്ടായിരുന്നു.

തിരിഞ്ഞും മറിഞ്ഞും കിടക്കവെ, ഉമ്മയുടെ ശബ്ദം ഇല്യാസിന്റെ കാതുകളിൽ പ്രതിദ്ധ്വനിച്ചു; മോനേ...വന്ന് ചോറു കഴിക്ക്. രാവിലെ ഒന്നും തിന്നാതെ പോയതല്ലേ...

താൻ എന്തിനാണ് ഉമ്മയെ ഇങ്ങനെ അവഗണിക്കുന്നത്? എന്നിട്ടും ഉമ്മയെന്താണ് എന്നെ ഇങ്ങനെ സ്നേഹിക്കുന്നത്? താൻ വലിയ തെറ്റല്ലേ അവരോട് ചെയ്തുകൊണ്ടിരിക്കുന്നത്? ഉമ്മയോട് ഒന്നും പറയാതെ വീട്ടിൽനിന്നും ഇറങ്ങിപ്പോയത്... ഫോൺകോൾ കട്ടാക്കിയത്... ഒരു ഉപകാരം ചെയ്തയാളോട് ഒരു നന്ദി വാക്കുപോലും പറയാതിരുന്നത്, ഒരു അപകടം നടന്നപ്പോൾ സ്വാർഥനായത്... എല്ലാം തെറ്റല്ലേ? എന്തേ താനിങ്ങനെയായത്? അവന്റെ മനസ്സ് അവനെ ചോദ്യം ചെയ്തുകൊണ്ടേയിരുന്നു. അങ്ങനെ കിടന്ന് സമയം പോയത് അറിഞ്ഞതേയില്ല.

വാതിലിൽ മുട്ടുന്ന ശബ്ദം കേട്ട് ഇല്യാസ് ചിന്തയിൽനിന്നുണർന്നു. അവൻ കതകു തുറന്നു. ഉമ്മയാണ്.

“മോനേ, ചോറ് കഴിക്കാൻ വാ, നിനക്ക് ഇഷ്ടമുള്ള കക്ക അച്ചാറും ചെമ്മീൻ വറുത്തതും ഒക്കെയുണ്ട്, നിനക്കെന്താണു പറ്റിയത്? കുറെ ദിവസമായി ഈ മാറ്റം. ഭക്ഷണം വേണ്ട, നിസ്കാരവുമില്ല.” ഉമ്മ കണ്ണു തുടച്ചു.

ഉമ്മയോട് താൻ പരുക്കൻ മട്ടിൽ പെരുമാറിയിട്ടും അവരിൽ ഒരു ഭാവമാറ്റവുമില്ല! അതോർക്കുമ്പോൾ അവന് ഉമ്മയുടെ മുഖത്തേക്ക് നോക്കാൻ പോലും കഴിയുന്നില്ല. ഒടുവിൽ വേദന തിങ്ങുന്ന മനസ്സോടെ അവൻ പറഞ്ഞു:

“ഉമ്മച്ചി എന്നോട് പൊറുക്കണം. ഞാൻ അങ്ങനെയൊന്നും പെരുമാറാൻ പാടില്ലായിരുന്നു. ഞാൻ ഉമ്മയുടെ സ്നേഹം ശരിക്കും മനസ്സിലാക്കിയില്ല.” എഴുന്നേറ്റുനിന്ന് ഉമ്മയുടെ കൈകൾ പിടിച്ചു കണ്ണുനീരോടെ അവൻ പറഞ്ഞു.

“അതൊന്നും സാരമില്ല. ചീത്ത കൂട്ടുകെട്ടിൽ പെട്ടുപോയതിന്റെ ഫലമായിരിക്കാം. എന്റെ മോനെ എനിക്ക് നന്നായി അറിയാം.” സങ്കടവും സന്തോഷവും സമ്മേളിച്ചപ്പോൾ ഉമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

ഇല്യാസ് ഭക്ഷണം കഴിച്ച്

നമസ്കാരം നിർവഹിച്ചശേഷം ഫോണെടുത്തു. റിയാസിന്റെയും സുനീറിന്റെയും മിസ്സ്ഡ് കോളുകൾ കുറെ വന്നുകിടപ്പുണ്ടായിരുന്നു. അപ്പോഴാണ് സുനീർ പറഞ്ഞത് ഓർമ വന്നത്. അവൻ ഉടനെ റിയാസിനെ വിളിച്ചു.

“നീ നാലു മണിയാകുമ്പോൾ റെഡിയായി നിൽക്ക്. ഞങ്ങൾ വണ്ടിയുമായി വരാം. നമുക്കിന്നു ക്ലബ്ബിൽ പോകണം. ഇന്നൊരു നൈറ്റ് പാർട്ടി സെറ്റാക്കിയിട്ടുണ്ട്. പാർട്ടിയിൽ ഞാൻ നിങ്ങൾക്കെല്ലാവർക്കും ഒരു സർപ്രൈസ് തരുന്നുണ്ട്.”

“ഞാൻ ക്ലബ്ബിലേക്കൊന്നുമില്ലെടാ.”

“എന്താ നിനക്കൊരു മടി? ആറാം നൂറ്റാണ്ടിലെ പിന്തിരിപ്പൻ വിശ്വാസങ്ങളും ആചാരങ്ങളും ഒഴിവാക്കാമെന്ന് നീ വാക്കു തന്നതല്ലേ? അടിപോളി പാർട്ടിയാണ്. തകർപ്പൻ സംഗീതവും ഡാൻസുമുണ്ടാകും. ഇത്തവണയെങ്കിലും നീ വാ. ഞങ്ങളെല്ലാവരും ഉണ്ടല്ലോ.”

“റിയാസ്...എന്നാലും...ഞാൻ...”

“ഒരു എന്നാലുമില്ല. എന്നാ ശരിയെടാ...” റിയാസ് കോൾ കട്ടാക്കി.

ഇല്യാസ് ആശയക്കുഴപ്പത്തിലായി. സംഗീതത്തിന്റെ കാതടപ്പിക്കുന്ന ശബ്ദം, മദ്യം നിറച്ച ഗ്ലാസ്സുകൾ, നിർത്തകിമാർ... ഇതൊക്കെയാകും അവിടെയുണ്ടാവുക. ഇതെല്ലാം ഹറാമാണ്. എന്നാലും... ഒരു തവണയല്ലേ, ഞാനിതുവരെ പോയിട്ടില്ലല്ലോ. കൂട്ടുകാരെ പിണക്കാതിരിക്കാൻ പോയേ തീരൂ, ഇപ്രാവശ്യം മാത്രം, പിന്നെ ഒരിക്കലും പോകില്ല.

ഇല്യാസിന്റെ അടുത്ത സുഹൃത്താണ് ശാഫി. ഇല്യാസിന്റെ മാറ്റം അവന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ശാഫി കുറച്ചു മുമ്പ് സമ്മാനിച്ച ഡ്രസ്സ് ധരിച്ച് ഇല്യാസ് പോകാനായി തയ്യാറായി നിന്നു. പക്ഷേ, പറഞ്ഞ സമയം കഴിഞ്ഞിട്ടും കൂട്ടുകാർ എത്തിയില്ല. കാത്തിരിക്കുക തന്നെ. അവൻ ഫോണെടുത്തു സോഫയിലിരുന്ന് ഇൻസ്റ്റഗ്രാം ഓപ്പൺ ചെയ്തു. ആദ്യംതന്നെ കണ്ടത് ശാഫിയുടെ സ്റ്റോറിയാണ്:

“മരണം വന്നെത്തുക അപ്രതീക്ഷിതമായാണ്. അതിനാൽ ഓരോ സെക്കന്റും വിലപ്പെട്ടതാണ്. കഴിഞ്ഞുപോയത് തിരിച്ചുകിട്ടില്ല. വരാനുള്ളതിൽ നാം ഉണ്ടാകുമോ എന്നറിയില്ല. എന്നാൽ ഈ നിമിഷം നമുക്കുള്ളതാണ്. ഓരോന്നും തിരിച്ചറിഞ്ഞ് പ്രവർത്തിക്കുക. വിവേകത്തോടെ മുന്നേറാൻ സർവശക്തൻ തുണക്കട്ടെ.”

ഇല്യാസിന്റെ കണ്ണുകൾ ഈ സന്ദേശത്തിൽ ഉടക്കിനിന്നു. മനസ്സിൽ അത് പ്രതിദ്ധ്വനിക്കുന്നു. ആ സമയത്താണ് മൊബൈൽ ശബ്ദിച്ചത്. റിയാസാണ്.

“റോട്ടിലേക്കു വാ.”

ഇല്യാസ് ഉമ്മയോട് സലാം പറഞ്ഞു പുറത്തിറങ്ങി.

“നീ എങ്ങോട്ടാ പോകുന്നേ?”

അവനൊന്ന് പരുങ്ങിക്കൊണ്ട് പറഞ്ഞു: “കൂട്ടുകാരന്റെ വീട്ടിലേക്കാ. അവിടെ ഇന്ന് ഒരു പാർട്ടിയുണ്ട്.”

“പോയിട്ട് വാ, റബ്ബിനെ സൂക്ഷിക്കണം. അല്ലാഹു ഹറാമാക്കിയ ഒന്നിലും നീ പങ്കുകാരനാകരുത്.” മകന്റെ പോക്കിൽ പന്തികേടു തോന്നിയ ഉമ്മ താക്കീതും സ്നേഹവും കലർന്ന സ്വരത്തിൽ പറഞ്ഞു. ഇല്യാസ് തലകുലുക്കി.

ഇല്യാസ് കൂട്ടുകാരന്റെ കാറിൽ കയറി. അപ്പോൾ റിയാസ് പറഞ്ഞു: “ഞാൻ വിളിച്ചപ്പോൾ വരുന്നില്ല എന്ന് പറഞ്ഞ ആളാ ഇത്. ഇപ്പോൾ വന്ന ലുക്ക് കണ്ടില്ലേ!”

ഇല്യാസ് ചിരിക്കുക മാത്രം ചെയ്തു. അവന്റെ മനസ്സ് അസ്വസ്ഥമാണ്. സുനീറാണ് കാർ ഡ്രൈവ് ചെയ്യുന്നത്. അവൻ എസി ഓൺ ചെയ്തു.

“ഇവന്റെ മൈന്റ് ശരിയാക്കാൻ പറ്റിയ പാട്ട് ഞാൻ ഇടാം.” നിസാർ പറഞ്ഞു.

“വേണ്ട, എനിക്ക് നല്ല തലവേദനയുണ്ട്. കുറച്ചു കഴിയുമ്പോൾ ശരിയാകും.” ഇല്യാസ് പതിഞ്ഞ സ്വരത്തിൽ പറഞ്ഞു.

“എന്നാൽ ശരി. നീ ഓക്കെയാകുമ്പോൾ പറയണേ.” അതും പറഞ്ഞു സുനിൽ ഹെഡ്ഫോൺ വെച്ച് പാട്ട് പ്ലേ ചെയ്തു. റിയാസ് അവന്റെ ഗേൾ ഫ്രണ്ടിനോട് ഇൻസ്റ്റയിൽ ചാറ്റിങ്ങിലാണ്. നിസാർ ഹെഡ്ഫോൺ വെച്ച് ഫിലിം കാണാൻ തുടങ്ങി.

ഇല്യാസിന്റെ മനസ്സിൽ നിറയെ ശാഫിയുടെ വരികളും ഉമ്മയുടെ താക്കീതുമാണ്. തന്റെ കൂട്ടുകാർ ചെയ്യുന്ന ഹറാമുകളിൽ താനും കൂട്ടുചേരുകയല്ലേ? ക്ലബ്ബിൽ മതിമറന്ന് രസിച്ചിരിക്കുമ്പോൾ എന്നെ മരണം പിടികൂടിയാൽ എന്റെ അവസ്ഥയെന്തായിരിക്കും?

'റബ്ബിനെ സൂക്ഷിക്കണം. അല്ലാഹു ഹറാമാക്കിയ ഒന്നിലും നീ പങ്കുകാരനാകരുത്' എന്ന് ഉമ്മ പറഞ്ഞത് എന്നോടുള്ള സ്നേഹംകൊണ്ടല്ലേ?

അവന്റെ മനസ്സ് അവനെ കുറ്റപ്പെടുത്തിക്കൊണ്ടും ഉപദേശിച്ചുകൊണ്ടുമിരിക്കെ ബാങ്ക് വിളിക്കുന്നത് കേട്ടു. ഇല്യാസ് പറഞ്ഞു:

"നമുക്ക് നമസ്കരിച്ചിട്ട് പോകാം. അടുത്തു കാണുന്ന പള്ളിക്കു മുമ്പിൽ നിർത്തണം."

"ഓഹോ! അപ്പോൾ അതാണു കാര്യം. നീ മതമൗലികവാദികളുടെ പിടിയിലാണല്ലേ? നിനക്കൊന്നും വേറെ പണിയില്ലേ? വെറുതെ സമയം വേസ്റ്റാക്കുന്ന ഓരോ അനാചാരങ്ങൾ..." നിസാർ പറഞ്ഞു.

അവർ ക്ലബിനു മുന്നിലെത്തി. കാറിൽനിന്നും പുറത്തിറങ്ങി. റിയാസിനെ കണ്ടപാടെ പുറത്തുണ്ടായിരുന്ന ചില കൂട്ടുകാർ അടുത്തെത്തി. അകത്തേക്കു കടക്കവെ അൽപവസ്ത്രധാരിണികളായ സുന്ദരികളായ സ്ത്രീകൾ അവരെ സ്വീകരിച്ചു.

ഇരിപ്പിടങ്ങളിലെ വട്ടമേശകളിൽ മദ്യചഷകങ്ങൾ നിരത്തിയിരുന്നു. ഇല്യാസ് ഒഴികെയുള്ളവർ കുടിക്കാൻ തുടങ്ങി. അവനോടും കുടിക്കാൻ അവർ ആവശ്യപ്പെട്ടു. അവൻ വേണ്ടെന്നു പറഞ്ഞു.

"ഒരു പ്രാവശ്യത്തേക്കല്ലേടോ. ഞങ്ങളെല്ലാവരും കുടിക്കുമ്പോൾ നീ മാത്രം നോക്കിയിരിക്കുന്നത് ശരിയാണോ? ഇതൊക്കെയില്ലെങ്കിൽ പിന്നെയെന്തു ജീവിതം. ന്യൂജൻ തലമുറയെ പറയിപ്പിക്കല്ലേ." സുനീർ പറഞ്ഞു.

"വേണ്ട, എനിക്ക് ഒന്നും വേണ്ട. ഇതൊന്നും ശരിയല്ല." ഇല്യാസ് പറഞ്ഞു.

അപ്പോഴേക്കും അകത്തുനിന്ന് സുന്ദരികളായ പെൺകൊടികൾ ഇറങ്ങിവന്ന് കൊഞ്ചിക്കുഴഞ്ഞ് സംസാരിക്കാൻ തുടങ്ങി.

"ഞാനൊന്നു പുറത്തു പോകുന്നു" എന്നു പറഞ്ഞ് ഇല്യാസ് എഴുന്നേറ്റു. കൂട്ടുകാർ തടുക്കും മുമ്പേ അവൻ അതിവേഗം പുറത്തുകടന്നു. അവർ എന്തൊക്കയോ വിളിച്ചുപറയുന്നുണ്ടായിരുന്നു. അവനതൊന്നും കേട്ടില്ല.

അവൻ നേരെ പോയത് കുറച്ചകലെയുള്ള പള്ളിയിലേക്കാണ്. ചെയ്തുപോയ തെറ്റിന് റബ്ബിനോട് ആത്മാർഥമായി അവൻ പശ്ചാത്തപിച്ചു. നന്മയുടെ നിറകുടമായ ഉമ്മാക്കുവേണ്ടി അവൻ പ്രാർഥിച്ചു. ഒരുമണിക്കൂറോളം അവിടെയിരുന്നു. അവന്റെ മനസ്സ് വല്ലാത്തൊരു ശാന്തത യിലായിരുന്നു അപ്പോൾ.

അവൻ പുറത്തിറങ്ങി. അപ്പോൾ ഫയർഫോഴ്സിന്റെ ഒരു വണ്ടി ചീറിപ്പാഞ്ഞ് പോകുന്നത് കണ്ടു. ആളുകൾ പലരും അതിനു പിന്നാലെ പായുന്നു. ആകെ ബഹളമയമായ, വെപ്രാളം നിറഞ്ഞ അന്തരീക്ഷം. ഇല്യാസ് ഒരാളോട് എന്താണ് കാര്യമെന്നന്വേഷിച്ചു.

"ഇവിടെ അടുത്ത് ഒരു ക്ലബ്ബിൽ തീപിടിച്ചതായാണ് വിവരം. കൂടുതൽ ഫയർഫോഴ്സ് വാഹനങ്ങൾ എത്തിയിട്ടും തീയണക്കാൻ സാധിച്ചിട്ടില്ല. അതിനകത്ത് അനധികൃമായി ധാരാളം ആൽക്കഹോൾ സൂക്ഷിച്ചിരുന്നുവത്രെ. അതുകൊണ്ട് മൊത്തം കത്തി നശിച്ചു കൊണ്ടിരിക്കുകയാണ്. ഒരു മണിക്കൂറോളമായി കത്താൻ തുടങ്ങിയിട്ട്. ഒരുപാടാളുകൾ മരണപ്പെട്ടിട്ടുണ്ട്."

ഇതു കേട്ട് ഇല്യാസ് സ്തംഭിച്ചുനിന്നു. അവൻ നേരെ പള്ളിയിലേക്ക് പോയി രണ്ടു റക്അത്ത് നമസ്കരിച്ചു. ശാഫിയുടെ ഇൻസ്റ്റയിലെ വരികൾ, ഉമ്മയുടെ താക്കീത്... ഇതൊന്നും വകവയ്ക്കാതെ ഇറങ്ങിപ്പുറപ്പെട്ടിട്ടും ക്ലബ്ബിൽനിന്നും ഇറങ്ങിപ്പോരാൻ അനുഗ്രഹിച്ച സർവ ശക്തനായ അല്ലാഹുവേ, നിനക്ക് എത്ര നന്ദി ചെയ്താലും അതിനു പകരമാകില്ല.

ഉമ്മയെ വിളിക്കാനായി അവൻ ഫോൺ ഓണാക്കി. അപ്പോൾ ഇൻസ്റ്റയിൽ ശാഫിയുടെ അടുത്ത സ്റ്റോറി വന്നു കിടപ്പുണ്ടായിരുന്നു.

"ഉമ്മയുടെ പ്രാർഥനയ്ക്കും സ്നേഹത്തിനും മുന്നിൽ പകരം വയ്ക്കാൻ ഈ ലോകത്ത് ഒന്നുംതന്നെയില്ല. ചില അപകടങ്ങളിൽനിന്നും രക്ഷപ്പെടുന്നതിന് കാരണം ഒരുപക്ഷേ, ഉമ്മയുടെ ആത്മാർഥമായ പ്രാർഥനയായിരിക്കാം. എന്നാൽ, ഒരു മാതാവിന് തന്റെ കുഞ്ഞിനോടുള്ള കരുണയെക്കാളും സ്നേഹത്തേക്കാളും എത്രയോ ഇരട്ടി കരുണയും സ്നേഹവും അല്ലാഹുവിന് അവന്റെ അനുസരണയുള്ള അടിമകളോടുണ്ട്."

■

സയ്യിദ് സിനാൻ
പരുത്തിക്കോട്



# മേൽവിലാസം നഷ്ടപ്പെട്ടവർ

വീടുകളില്ലാത്തവർ,
തെരുവുകളിൽ
അലഞ്ഞുതിരിയുന്നവർ,
അവരുടെ മേൽവിലാസം എവിടെ?
കടലാസുതുണ്ടിൽ എഴുതിവെച്ച
വിലാസം ചെന്നെത്തിക്കുന്നത്
സിമന്റു കൂനകളിൽ!
ഒരു കൂരയുടെ തണൽ
അവർക്കിന്ന് സ്വപ്നം മാത്രം.
അഭയാർഥി ക്യാമ്പുകളിൽ
അവരുടെ ജീവിതം
ഒരു നാടകം!
അവസാനമറിയാത്ത
ഒരു ദുരന്തം.
മഴയും വെയിലും
അവരുടെ സഹയാത്രികർ.
ഭക്ഷണത്തിനായുള്ള
പോരാട്ടം ദിനചര്യ.
സ്നേഹത്തിന്റെയൊരു
ചെറുകിരണത്തെ
സ്വപ്നം കാണുന്നവർ.
ഇവരുടെ മേൽവിലാസം
ഒരു ചോദ്യം ചിഹ്നം മാത്രം.
മനസ്സാക്ഷിയുടെ
നെറുകയിലെ
ഒരു കുറ്റബോധം.




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
04 MAY 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-


# GREEN HOME
## RESIDENTIAL CAMPUS

**സി ബി എസ് ഇ പഠനത്തോടൊപ്പം ധാർമികാന്തരീക്ഷത്തിൽ താമസിച്ച് പഠിക്കാൻ സുരക്ഷിതമായ ക്യാമ്പസ്**

**REGISTRATION OPEN FOR GRADE 5-9**

FOR BOYS AND GIRLS

**ENROL NOW!**

**സവിശേഷ പഠന മേഖലകൾ:**

- പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരുടെ മേൽനോട്ടവും മാർഗനിർദേശങ്ങളും.
- വിശ്വാസം, കർമശാസ്ത്രം, ഇസ്‌ലാമിക ചരിത്രം എന്നിവയിലധിഷ്ഠിതമായ കരിക്കുലം.
- CBSE സിലബസിൽ ഉന്നത നിലവാരത്തിലുള്ള അക്കാദമിക് സൗകര്യം.
- എക്സ്പീരിയൻസ്ഡ് ലേണിംഗ്.
- തജ്‌വീദോടുകൂടി നിശ്ചിതഭാഗം ഖുർആൻ മനപാഠമാക്കാൻ അവസരം.
- അറബി, ഇംഗ്ലീഷ് ഭാഷകളിൽ പ്രത്യേക പരിശീലനം.





**SCAN** HERE TO **REGISTER**

CONTACT US:
**+91 9061 716 600**
**+91 9061 786 600**

*അഞ്ചാം ക്ലാസ്സ് മുതൽ ഉള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അഡ്മിഷൻ എടുക്കാവുന്നതാണ്

Excellence, Ethics and Beyond
**GREEN VALLEY**
**PUBLIC SCHOOL**

**+91 9061 716 600**
**Affiliated to CBSC, No: 930857**
Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode | www.greenvalleycampus.com